# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 27, തിങ്കള്‍
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍- 346)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യനമ്പര്‍ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 2511 മുതല്‍ 2667 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 2668 മുതല്‍ 2739 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 2740 മുതല്‍ 2789 വരെ |
| പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 2790 മുതല്‍ 2856 വരെ |

## കേന്ദ്രാവിഷ്കൃത പദ്ധതികള്‍

2511 ശ്രീ. തോമസ് ചാണ്ടി
'' എ. കെ. ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പില്‍ ഇപ്പോള്‍ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികള്‍ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികള്‍ യഥാസമയം നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാന്‍ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി</u>

2512 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഏജൻസിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഏജൻസിയുടെ ജില്ലാ തല കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ആരോഗ്യ നയം</u>

2513 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ൽ പ്രഖ്യാപിച്ച കരട് ആരോഗ്യനയം അന്തിമമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആരോഗ്യനയത്തെപ്പറ്റി ഏതെല്ലാം തലത്തിൽ ചർച്ച നടത്തിയിട്ടുണ്ട്;

(സി) ജീവൻ രക്ഷാ മരുന്നുകളുടേതടക്കം വില വർദ്ധിച്ച് വരുന്നത് തടയാൻ ആരോഗ്യനയത്തിൽ എന്തെങ്കിലും നിർദ്ദേശം ഉണ്ടോ;

(ഡി) വില നിയന്ത്രിക്കുവാൻ ഇതിനോടകം എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ നയം</u>

2514 ശ്രീ. സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു സമഗ്ര ആരോഗ്യ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തുമോ;

(സി) പ്രസ്തുത നയം രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>പൊതുജനാരോഗ്യ നയം</u>

2515 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൊതുജനാരോഗ്യ നയം നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള
നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>അമ്മയും കുഞ്ഞും പദ്ധതി</u>

2516 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാന്‍
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി നടപ്പാക്കുന്നതിന് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ആരോഗ്യ കേരളം സാന്ത്വന പരിചരണ പദ്ധതി</u>

2517 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, സി. പി. മുഹമ്മദ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ കേരളം സാന്ത്വന പരിചരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എവിടെയൊക്കെയാണ് നടപ്പിലാക്കി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പദ്ധതി താലൂക്ക് ആശുപത്രിയിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>'അമൃതം ആരോഗ്യം പദ്ധതി'</u>

2518 ശ്രീ. ബെന്നി ബെഹനാൻ
,, പാലോട് രവി
,, ഹൈബി ഈഡൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'അമൃതം ആരോഗ്യം പദ്ധതി'ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.01.2014–ലെ മറുപടിക്ക്

<u>മൃതസഞ്ജീവനി പദ്ധതി</u>

2519 ശ്രീ. പാലോട് രവി
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'മൃതസഞ്ജീവനി പദ്ധതി'ക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) രോഗികൾക്ക് അവയവദാനം നൽകി ജീവൻ രക്ഷിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതിക്കായി പ്രത്യേക ഫണ്ട് രൂപീകരിക്കുമോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പതാകനൗക (ഫ്ളാഗ് ഷിപ്പ്) പദ്ധതി</u>

T.2520

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന പതാകനൗക (ഫ്ളാഗ് ഷിപ്പ്) പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാവർക്കും ആരോഗ്യം, ഭക്ഷണം, ജീവിതഭദ്രത എന്നിവ കൈവരുത്തുവാൻ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മാതൃമരണനിരക്ക്</u>

2521 ശ്രീ. വര്‍ക്കല കഹാര്‍
,, എ. റ്റി. ജോര്‍ജ്
,, ഹൈബി ഈഡന്‍
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുറഞ്ഞ മാതൃ മരണ നിരക്കിന്റെ കാര്യത്തില്‍ ദേശീയ തലത്തില്‍ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) ഈ സര്‍ക്കാരിന്റെ കാലത്ത് ഒന്നാം സ്ഥാനം നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിനായി നടപ്പിലാക്കിയത്; വിശദമാക്കാമോ;

(ഡി) മാതൃ മരണ നിരക്ക് പരമാവധി കുറയ്ക്കുവാന്‍ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയില്‍ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

‘ജനനി – ശിശു സുരക്ഷാ പദ്ധതി’

2522 ശ്രീ. വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃ – ശിശു മരണനിരക്ക് കുറയ്ക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ ‘ജനനി – ശിശു സുരക്ഷാ പദ്ധതി’ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ എന്തെല്ലാം സേവനങ്ങളും ചികിത്സകളുമാണ് സ്ത്രീകൾക്കും കുട്ടികൾക്കും ലഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ചികിത്സയ്ക്കുള്ള ചെലവുകൾ ആരാണ് വഹിക്കുന്നത് ; വിശമാക്കുമോ ;

(ഡി) ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം</u>

2523 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകാനായി ട്രിബ്യൂണൽ രൂപീകരിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് അറിയിക്കുമോ; ഇതിനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; അതിലെ ശുപാർശകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ദുരിതബാധിതരുടെ പ്രശ്നത്തിന് പരിഹാരമാവശ്യപ്പെട്ടുകൊണ്ട് സമരം നടത്തിയവർക്ക് നൽകിയ ഉറപ്പുകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ;

(സി) എൻഡോസൾഫാൻ കീടനാശിനിക്കെതിരെ സമരം ചെയ്യുന്നവർക്കെതിരെ കമ്പനി പ്രധാനമന്ത്രിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ പ്രധാനമന്ത്രി ആവശ്യപ്പെട്ടിരുന്നോ; കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി അറിയിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം</u>

2524 ശ്രീ. ഷാഫി പറമ്പിൽ
,, പി. എ. മാധവൻ
,, കെ. മുരളീധരൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ;

(സി) ഏതെല്ലാം തരത്തിലുള്ള നിർമ്മാണങ്ങൾക്കാണ് പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ആരോഗ്യരംഗത്ത് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി</u>

2525 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്ത് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സർക്കാർ ആശുപത്രികൾക്ക് എന്തെല്ലാം പുതിയ സൗകര്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരുടെ നേതൃത്വത്തിൽ ഓരോ പഞ്ചായത്ത് വാർഡുകൾതോറും മാസത്തിൽ ഒരു പ്രാവശ്യം സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

കിഡ്നി മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സൗകര്യമുള്ള ആശുപത്രികൾ

2526 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിഡ്നി മാറ്റിവെയ്ക്കൽ ശസ്ത്രക്രീയയ്ക്ക് സൗകര്യമുള്ള എത്ര സർക്കാർ ആശുപത്രികൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ കിഡ്നി മാറ്റൽ ശസ്ത്രക്രീയയ്ക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആശുപത്രികളിൽ എന്നത്തേക്ക് പ്രസ്തുത സൗകര്യമേർപ്പെടുത്തുമെന്നും ഇതിനായി എന്തു തുക ചിലവഴിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ</u>

2527 ശ്രീ. എം.എ. ബേബി
ഡോ. കെ.ടി. ജലീൽ
ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ യഥാവിധം യോഗ്യതയുള്ളവരാണെന്നും ആശുപത്രികളിൽ മതിയായ ചികിത്സാ സൗകര്യം ഉണ്ടെന്നും ഉറപ്പുവരുത്താൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് അറിയിക്കുമോ;

(ബി) ആരോഗ്യവകുപ്പ് ഇത്തരം സ്ഥാപനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള പരിശോധന നടത്താറുണ്ടോ; ആവശ്യമെങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ; വിശദമാക്കാമോ;

(സി) തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലെ ചികിത്സാ പിഴവിനെതുടർന്ന് മഹിളാ നേതാവ് മരിക്കാനിടയായ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും ചികിത്സിക്കുന്നവരുടെ യോഗ്യത ഉറപ്പുവരുത്താൻ സംസ്ഥാന വ്യാപകമായി പരിശോധന നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ദന്താരോഗ്യനയം</u>

2528 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ആരോഗ്യ നയത്തിൽ ദന്താരോഗ്യം ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത നയത്തിൽ ദന്തൽ ഹൈജീൻ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ദന്തൽ ഹൈജീനിസ്റ്റ് - സ്പെഷ്യൽ റൂൾ</u>

2529 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ദന്തൽ ഹൈജീനിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ആയത് നിലവിൽ വന്നതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്പെഷ്യൽ റൂൾ കാലാനുസൃതമായി പരിഷ്ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ശ്രമം ഉണ്ടാകുമോ;

(ഡി) സ്പെഷ്യൽ റൂൾ ഇല്ലായെങ്കിൽ ആയത് നിലവിൽ വരുത്തുന്നതിന് പരിശ്രമിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കാൻസർ രോഗികളുടെ രോഗപ്രതിരോധത്തിനും ചികിൽസയ്ക്കും കർമ്മപദ്ധതികൾ</u>

2530 ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാൻസർ രോഗബാധിതരുടെ രോഗപ്രതിരോധത്തിനും ചികിൽസയ്ക്കും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ഇതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തുന്നതിനു ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പ്രസ്തുത സംവിധാനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ക്യാൻസർ രോഗികൾക്കുള്ള ചികിത്സാസൗകര്യങ്ങൾ</u>

2531 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികൾക്കായി ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ എന്തൊക്കെ ചികിത്സാസൗകര്യങ്ങളാണുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ക്യാൻസർ രോഗചികിത്സയ്ക്കുള്ള ചെലവ് സാധാരണക്കാർക്കു താങ്ങാൻ കഴിയാത്ത വിധത്തിലുള്ളതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്യാൻസർ രോഗത്തിനുള്ള മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് രോഗികൾക്കു ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച ഉപഭോക്തൃതർക്കപരിഹാരഫോറത്തിന്റെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>കീമോതെറാപ്പി വികേന്ദ്രീകൃതമായി നടപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി</u>

2532 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗത്തിന്റെ തോത് ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ രോഗികൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുവാനുള്ള പ്രായോഗിക മാർഗ്ഗം എന്ന നിലയിൽ കീമോതെറാപ്പി വികേന്ദ്രീകൃതമായി നടപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി നടപ്പാക്കുമോ ; വ്യക്തമാക്കുമോ ; ജില്ലാ ആശുപത്രികളിൽ കീമോതെറാപ്പി സൗകര്യം ലഭ്യമാക്കുമോ ;

(ബി) വിവിധ ജില്ലകളിലെ തിരഞ്ഞെടുത്ത സർക്കാർ, സ്വകാര്യകേന്ദ്രങ്ങളെ കീമോതെറാപ്പി കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള കർമ്മപദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>അന്ധതാനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമ
മാക്കുന്നതിനുള്ള നടപടി</u>

2533 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്ധതാ നിവാരണപ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാനത്ത് താലൂക്ക് ആശുപത്രികളിലും സി. എച്ച്. സി കളിലും ഒാപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഗ്രാമ പ്രദേശങ്ങളിലെ അന്ധതാ നിവാരണത്തിനും സ്കൂൾ കുട്ടികളുടെ നേത്രവൈകല്യങ്ങൾ കണ്ടെത്തുന്നതിനും സംസ്ഥാനത്ത് വിഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; ഇവിടങ്ങളിൽ ഒാപ്റ്റോമെട്രിസ്റ്റുകളെ നിയമിച്ചിട്ടുണ്ടോ;

(സി) അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ഡെങ്കിപ്പനിക്കെതിരെയുള്ള പ്രതിരോധ പ്രവര്‍ത്തനങ്ങള്‍</u>

2534 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് 2011 ജൂലായ് മാസം 1-ാം തീയതി മുതല്‍ 30/11/2013 വരെ എത്ര ഡെങ്കിപ്പനി കേസുകള്‍ റിപ്പോര്‍ട്ട് ചെയ്യപ്പെട്ടു; വിശദമാക്കാമോ;

(ബി) ജില്ലാടിസ്ഥാനത്തില്‍ വിവരം ലഭ്യമാക്കാമോ;

(സി) ഡെങ്കിപ്പനിയ്ക്കെതിരെയുള്ള പ്രതിരോധ പ്രവര്‍ത്തനങ്ങള്‍ ഊര്‍ജ്ജിതപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവര്‍ത്തനങ്ങള്‍ നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) ഡെങ്കിപ്പനി ഉന്മൂലനം ചെയ്യുന്നതിനായുള്ള പഠന പ്രവര്‍ത്തനങ്ങള്‍ നടത്തിവരുന്നുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കാമോ; അതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>നഗരപ്രദേശങ്ങളിൽ നൽകി വരുന്ന ആരോഗ്യസേവനങ്ങൾ</u>

2535 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരമേഖലകളിലും, നഗരത്തോട് ചേർന്ന് കിടക്കുന്ന കോളനികളിലും സർക്കാർ തലത്തിൽ നൽകി വരുന്ന ആരോഗ്യ സേവനങ്ങൾ വിശദീകരിക്കാമോ;

(ബി) നഗരപ്രദേശങ്ങളിൽ എത്ര പി.എച്ച്.സി/സി.എച്ച്.സി–കളുണ്ടെന്നും വീടുവീടാന്തരം സന്ദർശിച്ച് ആരോഗ്യ സേവനങ്ങൾ നൽകുന്നതിന് എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നഗരപ്രദേശത്തെ കോളനികളിൽ താമസിക്കുന്നവർക്ക് പ്രത്യേകമായി ആരോഗ്യ ബോധവത്കരണം/ആരോഗ്യ സേവനം/ഗർഭകാല സേവനങ്ങൾ എന്നിവ നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാക്കാൻ നടപടി</u>

2536 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകുടുംബക്ഷേമവകുപ്പിന്റെ 27.8.2012 ലെ 2863/2012/ ആ.കു.വ. സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ ഇതിനകം നടപ്പാക്കി കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനായി വകുപ്പ്തലത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ദന്താരോഗ്യ പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കുന്നതിനായി നടപടി</u>

2537

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുകയില, പാന്‍മസാല ഉല്‍പ്പന്നങ്ങള്‍ക്കെതിരായിട്ടുള്ള ബോധവല്‍ക്കരണ പരിപാടികള്‍ ആരോഗ്യവകുപ്പില്‍ ആരുടെ മേല്‍ നോട്ടത്തിലാണ് നടത്തി വരുന്നത്;

(ബി) ദന്താരോഗ്യ പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ ഡെന്റല്‍ ഹെല്‍ത്ത് കോ-ഓര്‍ഡിനേറ്റര്‍മാരായി ഡന്റല്‍ ഹൈജീനിസ്റ്റുകളെ നിയമിക്കുമോ;

(സി) വായിലെ അര്‍ബുദം ക്രമാതീതമായി വര്‍ദ്ധിക്കുന്നത് തടയുന്നതിന് ഓറല്‍ ഹെല്‍ത്ത് സ്ക്രീനിങ് നടത്തുവാന്‍ ലോകാരോഗ്യ സംഘടനയുടെ നിര്‍ദ്ദേശ പ്രകാരമുള്ള രീതിയില്‍ ഡന്റല്‍ ഹൈജീനിസ്റ്റുകളുടെ സേവനം പുന:ക്രമീകരിക്കുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

ഗുഡ്ക, പാൻമസാല എന്നിവ നിരോധിക്കുന്നതിനുള്ള നടപടികൾ

2538 ശ്രീ. എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസറിനു കാരണമായ ഗുഡ്ക, പാൻമസാല എന്നിവ സംസ്ഥാനത്ത് പൂർണ്ണമായി നിരോധിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാം; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

പാൻ മസാല നിരോധനം

2539 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൻമസാല നിരോധനം കേരളത്തിൽ നിലവിൽ വന്നത് എന്ന് മുതലാണ്; വ്യക്തമാക്കാമോ;

(ബി) പാൻമസാല വിൽപ്പനയുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് എടുത്തിട്ടുളളതെന്ന് അറിയാമോ; വിശദമാക്കാമോ;

(സി) പ്രസ്തുത കേസുകളിൽ കുറ്റക്കാർക്കുളള ശിക്ഷ വളരെ ചെറുതായതിനാൽ കേസുകൾ കൂടിവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി എന്തല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ പരിസരം പുകയില വിമുക്തമാക്കാൻ നടപടി</u>

2540 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളുടെ എത്ര മീറ്റർ ചുറ്റളവിലാണ് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നത് നിരോധിച്ചിട്ടുള്ളത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നിരോധനം നിലവിലിരിക്കുമ്പോഴും പുകയില ഉൽപ്പന്നങ്ങൾ മൊത്തകച്ചവടമടക്കം സ്കൂൾ പരിസരത്ത് നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പുകയില ഉൽപ്പന്നങ്ങളുടെ നിരോധനം സമ്പൂർണ്ണമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവർത്തന നിലവാരം</u>

2541

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന നിലവാരം തൃപ്തികരമല്ലെന്നുള്ള ഏതെങ്കിലും ആധികാരിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന നിലവാരം ഉയർത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ സിസേറിയൻ നിരക്ക്</u>

2542 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ പ്രവർത്തനം പോലെ സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ സിസേറിയൻ പ്രസവങ്ങളുടെ നിരക്കിലെ വർദ്ധനവ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2013 ജനുവരി മുതൽ ഡിസംബർ 31 വരെ ഓരോ മാസവും സർക്കാർ ആശുപത്രികളിൽ നടത്തിയ സിസേറിയൻ പ്രസവങ്ങളുടെ പ്രസവനിരക്ക് ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയോ; എങ്കിൽ കണ്ടെത്തിയ വിഷയങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് സംസ്ഥാനത്തെ എത്ര ഡോക്ടർമാർക്ക് വകുപ്പ് സെക്രട്ടറി കാരണം കാണിക്കൽ നോട്ടീസ് നൽകി; ആയത് സംബന്ധിച്ച് എത്ര ഡോക്ടർമാർ നാളിതുവരെ മറുപടി നൽകി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇത് സംബന്ധിച്ച് ലോകാരോഗ്യസംഘടനയുടെ പ്രസവനിരക്കും ഇപ്പോഴുള്ള സംസ്ഥാന നിരക്കും എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) സിസേറിയൻ നിരക്കിൽ കൂടുതൽ വർദ്ധനയുള്ള, സംസ്ഥാനത്തെ 10 സർക്കാർ ആശുപത്രികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ജി) എറണാകുളം, കൊല്ലം ജില്ലകളിലെ ചില സ്വകാര്യ ആശുപത്രികളിൽ 90 ശതമാനത്തോളമാണ് സിസേറിയൻ നിരക്ക് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എച്ച്) എങ്കിൽ ഇത്തരത്തിൽ സിസേറിയൻ നിരക്ക് കൂടുന്നത് തടയുവാൻ സർക്കാർ/സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാ

ക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ നഴ്സ് – രോഗി അനുപാതം

2543 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ നഴ്സ് – രോഗി അനുപാതം, ആശുപത്രികളിൽ നഴ്സുമാർക്ക് ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ ശുപാർശകളിൽ ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആശുപത്രികളിലെ നഴ്സുമാരുടെ ഒഴിവുകളിൽ 20 ശതമാനം പുരുഷ നഴ്സുമാരെ നിയമിക്കണമെന്ന ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ നിർദ്ദേശം നടപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിന്മേൽ നഴ്സുമാരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച് നടപടി എടുക്കാൻ ചുമതലപ്പെടുത്തിയ മന്ത്രിസഭാ ഉപസമിതി ഇതിനായി യോഗം ചേർന്നിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കിടത്തിച്ചികിത്സാസൗകര്യമുള്ള അലോപ്പതി ആശുപത്രികൾ</u>

2544 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിടിത്തിച്ചികിത്സാസൗകര്യമുള്ള എത്ര അലോപ്പതി ആശുപത്രികളുണ്ടെന്നു വിശദമാക്കുമോ;

(ബി) ഓരോ ജില്ലയിലും ഇവ എത്ര വീതമാണെന്നും, ഈ ആശുപത്രികളിൽ എത്ര വീതം കിടക്കകളുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ജനസംഖ്യാനുപാതത്തിൽ ഓരോ ജില്ലയിലും കിടത്തി ചികിത്സിക്കുന്ന ആശുപത്രികളിൽ എത്ര കിടക്കകൾ വേണമെന്നു നിജപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ, ഓരോ ജില്ലയിലും എത്ര വീതം കിടക്കകളുടെ കുറവുണ്ടെന്നും, അപര്യാപ്തത പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഏറ്റവും കൂടുതൽ ഒ. പി.യുള്ള സി. എച്ച്. സി. കൾ, പി. എച്ച്. സി.കൾ

2545 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഒ. പി. യുള്ള സി. എച്ച്. സി. കൾ, പി. എച്ച്. സി. കൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏറ്റവും കൂടുതൽ ഒ. പി. യുള്ള സി. എച്ച്. സി., പി. എച്ച്. സി. എന്നിവിടങ്ങളിൽ കൂടുതൽ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ, ഇക്കാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി) താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി</u>

2546 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി. എച്ച്. സി) താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മങ്കട സി. എച്ച്. സി താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ഒരു സ്വകാര്യ ആശുപത്രി പോലുമില്ലാത്ത മങ്കട മണ്ഡലത്തിലെ, മതിയായ അടിസ്ഥാന സൗകര്യങ്ങളുള്ള മങ്കട സി. എച്ച്. സി യെ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി</u>

2547 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയുടെ പദവി; ട്രോമകെയർ യുണിറ്റ്, കാരുണ്യ ഫാർമസി എന്നീ പദ്ധതികൾ നടപ്പിലാക്കാമെന്ന മന്ത്രിയുടെ വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കാൻ എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
# 27.01.2014–ലെ മറുപടിക്ക്

<u>ആശുപത്രികളുടെ അപ്ഗ്രഡേഷനും പുതിയ മെഡിക്കൽ കോളേജുകളും</u>

2548 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്;

(ബി) അവ ഏതൊക്കെ; പ്രസ്തുത ആശുപത്രികളിൽ പുതുതായി സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെയെന്ന് ആശുപത്രിയുടെ പേരും തസ്തികയും സഹിതം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി എത്ര മെഡിക്കൽ കോളേജുകൾ സർക്കാർ മേഖലയിൽ ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇവയിലോരോന്നിലും പുതുതായി എത്ര തസ്തികകൾവീതം സൃഷ്ടിച്ചിട്ടുണ്ടെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

നെടുങ്ങോലം താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രിയായി ഉയര്‍ത്താന്‍ നടപടി

2549

ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം ജില്ലയില്‍ ആരോഗ്യവകുപ്പ് മെഡിക്കല്‍ കോളേജ് ആരംഭിക്കുന്ന കാര്യം തത്വത്തില്‍ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) കൊല്ലം ജില്ലാ ആശുപത്രി മെഡിക്കല്‍ കോളേജായി ഉയര്‍ത്തുന്ന സാഹചര്യം ഉണ്ടായാല്‍ 16 ഏക്കര്‍ സ്ഥലം സ്വന്തമായുള്ള നെടുങ്ങോലം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രി പദവിയിലേക്ക് ഉയര്‍ത്തണമെന്ന് കാണിച്ച് അപേക്ഷ ലഭിച്ചിരുന്നുവോ;

(സി) പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടര്‍ കൊല്ലം ജില്ലാ മെഡിക്കല്‍ ഓഫീസറോട് പി.എല്‍.എ3/43420/13 തീയതി 2.8.13 പ്രകാരം റിപ്പോര്‍ട്ടും, പ്രൊപ്പോസലും ആവശ്യപ്പെട്ടിരുന്നത് ലഭിച്ചുവോ; ആയതിന്റെ ഉള്ളടക്കം എന്താണ്;

(ഡി) സ്ഥലസൗകര്യലഭ്യതയും, യാത്രാസൗകര്യവും പരിഗണിച്ച് നെടുങ്ങോലം താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രിയായി ഉയര്‍ത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കൊല്ലത്ത് മെഡിക്കൽ കോളേജ്</u>

2550 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലത്ത് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള സ്ഥലങ്ങളുടെ മുൻഗണനാ പട്ടിക ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പെൺകുട്ടികൾക്ക് 'റൂബെല്ല' പ്രതിരോധ വാക്സിൻ</u>

2551 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് 'റൂബെല്ല' എന്ന പ്രതിരോധ വാക്സിൻ നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ കാര്യങ്ങൾക്കായാണ് പ്രസ്തുത വാക്സിൻ നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വാക്സിൻ പെൺകുട്ടികൾക്ക് നൽകുന്നത് സംബന്ധിച്ച് എന്തൊക്കെ പഠനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര ശതമാനം കുട്ടികൾ വൈകല്യത്തോടെ ജനിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് പഠനം നടന്നിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**27.01.2014–ലെ മറുപടിക്ക്**

പെന്റാവാലന്റ് വാക്സിൻ സംബന്ധിച്ച് നടത്തിയ പഠനം

2552 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെന്റാവാലന്റ് വാക്സിൻ സ്വീകരിച്ച കുട്ടികൾക്ക് എന്തെങ്കിലും ആരോഗ്യപ്രശ്നം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പെന്റാവാലന്റ് വാക്സിൻ ഉപയോഗിക്കാൻ തുടങ്ങുന്നതിന് മുൻപ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വാക്സിൻ എന്തെങ്കിലും പാർശ്വഫലങ്ങൾ ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

'പെന്റാവാലന്റ്' വാക്സിൻ മൂലം മരണമടഞ്ഞ കുട്ടികൾ

2553 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെന്റാവാലന്റ് കുത്തിവെയ്പ് കാരണം കുട്ടികൾ മരണമടഞ്ഞത് സംബന്ധിച്ച് നാളിതുവരെ നടത്തിയ പഠനവിവരം ലഭ്യമാക്കുമോ;

(ബി) പെന്റാവാലന്റ് വാക്സിൻ സംബന്ധിച്ചുള്ള ഒരു പഠന/ഗവേഷണത്തിന് നടപടി സ്വീകരിക്കുമോ;

(സി) എത്ര കുട്ടികൾ ഇത്തരത്തിൽ സംസ്ഥാനത്ത് മരണപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ; ദേശീയതലത്തിൽ പരിഗണിക്കുമ്പോൾ പ്രസ്തുത മരണനിരക്ക് എത്ര ശതമാനമാണ് സംസ്ഥാനത്തിൽ എന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ അനുബന്ധ വാക്സിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള നിയന്ത്രണത്തിന് ആലോചനയുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പെന്റാവാലന്റ് കുത്തിവെയ്പ്പിനെ തുടർന്ന് മരണമടഞ്ഞ കുട്ടികൾ</u>

2554 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെന്റാവാലന്റ് കുത്തിവെയ്പ്പിനെ തുടർന്ന് കുട്ടികൾക്ക് പാർശ്വഫലങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര കേസുകൾ ഉണ്ട്; വ്യക്തമാക്കുമോ;

(ബി) പാർശ്വഫലങ്ങൾ മൂലം എത്ര കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്;

(സി) പ്രതിരോധ കുത്തിവയ്പ്പുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>അങ്കമാലി ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

2555 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി സർക്കാർ ആശുപത്രിയെ 07.02.2011 –ലെ സർക്കാർ ഉത്തരവ് പ്രകാരം താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും നാളിതുവരെ താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയെ താലൂക്ക് ആശുപത്രിയായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഹൈസ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കൈമാറാൻ നടപടി

2556 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ ഹൈസ്കൂളിന് എം. എൽ എ. യുടെ ആസ്തി വികസനഫണ്ടിൽ നിന്ന് കെട്ടിടം നിർമ്മിക്കുവാൻ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥലം കൈമാറുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>തൃശ്ശൂർ മെഡിക്കൽ കോളേജിലെ വികസനപ്രവർത്തനങ്ങൾ</u>

2557 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ നടത്തുന്ന വികസനപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ച പുതിയ ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുവാൻ അടിയന്തരനടപടികൾ സ്വീകരിക്കുമോ; ഈ ആവശ്യത്തിനായി എത്ര പുതിയ തസ്തികകൾ അനുവദിച്ചുവെന്നും, അവ ഏതെല്ലാം വിഭാഗങ്ങളിലാണെന്നും അറിയിക്കുമോ;

(സി) കാൻസർ രോഗത്തിനു മികച്ച ചികിത്സ നൽകുന്നതിനായി തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>മെഡിക്കൽ കോർപ്പറേഷൻവഴി വാങ്ങിയ മരുന്നുകൾ</u>

2558 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മെഡിക്കൽ കോർപ്പറേഷൻ വഴി എത്ര തുകയ്ക്കുള്ള മരുന്നാണ് വാങ്ങിയിട്ടുള്ളത്;

(ബി) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വാങ്ങിയ മരുന്നുകൾ ഉപയോഗശൂന്യമായി നശിപ്പിക്കപ്പെട്ട മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇക്കാര്യത്തിൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; അന്വേഷണം നടത്തിയില്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഇപ്രകാരം എത്ര തുകയുടെ മരുന്ന് നശിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

**സർക്കാർ ആശുപത്രികളിൽ 2014-15 വർഷം വിതരണം ചെയ്യേണ്ട മരുന്നുകളുടെ സംഭരണം**

2559 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ 2014-15 വർഷം വിതരണം ചെയ്യേണ്ട മരുന്നുകളുടെ സംഭരണത്തിനായി പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ, പട്ടികയുടെ പകർപ്പ് ഉൾപ്പെടെ ലഭ്യമാക്കാമോ;

(സി) 2013-14 വർഷത്തേക്ക് പ്രസ്തുത ആവശ്യത്തിന് തയ്യാറാക്കിയ മരുന്നുകളുടെ പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) അടുത്ത സാമ്പത്തിക വർഷത്തേക്ക് സംഭരണത്തിനായി തയ്യാറാക്കിയ പട്ടികയിൽ നിന്ന് 165 മരുന്നുകളെ ഒഴിവാക്കിയിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) എങ്കിൽ പ്രസ്തുത മരുന്നുകൾ ഏതെല്ലാമാണെന്നും അവ എന്തെല്ലാം രോഗങ്ങൾക്ക് ഉപയോഗിക്കേണ്ട മരുന്നുകളാണെന്നും വിശദമാക്കാമോ;

(എഫ്) പ്രസ്തുത പട്ടിക തയ്യാറാക്കിയത് ആരാണെന്നും ജീവൻ രക്ഷാമരുന്നുകൾ ഉൾപ്പെടെ 165 മരുന്നുകളെ ഒഴിവാക്കാനുണ്ടായ കാരണങ്ങളെന്താണെന്നും വ്യക്തമാക്കാമോ;

(ജി) ഇത് സംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഒഴിവാക്കിയ മരുന്നുകളെക്കൂടി പട്ടികയിൽ ഉൾപ്പെടുത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ മരുന്ന് സംഭരണവും വിതരണവും</u>

2560 ശ്രീ. റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്ന് സംഭരണം, വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി വകുപ്പിൽ സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ഇതിന്റെ പ്രവർത്തനം നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഓരോ ആശുപത്രിക്കും ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടിക്രമം

2561 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ ആശുപത്രിക്കും ഓരോ വർഷവും ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടിയുള്ള ഇൻഡന്റ് സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് വാങ്ങുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ;

(സി) ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾക്കുവേണ്ടിയുള്ള ഇൻഡന്റ് നൽകുന്നതിനുള്ള കാലതാമസം മൂലം മരുന്നു വാങ്ങൽ നടപടിക്രമം അവതാളത്തിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന് കാരണക്കാരായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഇ) മരുന്ന് വാങ്ങുന്നതിനും ഇൻഡന്റ് ചെയ്യുന്നതിനും വ്യവസ്ഥാപിതവും സുതാര്യവുമായ നടപടിക്രമം സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>സൗജന്യമായി വിതരണം ചെയ്യേണ്ട ജനറിക് മരുന്നുകളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ട മരുന്നുകൾ</u>

2562 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ അടുത്ത സാമ്പത്തിക വർഷം സൗജന്യമായി വിതരണം ചെയ്യേണ്ട ജനറിക് മരുന്നുകളുടെ പട്ടികയിൽനിന്ന് മരുന്നുകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഒഴിവാക്കപ്പെട്ട മരുന്നുകളിൽ അർബുദ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള മരുന്നുപട്ടിക പുതുക്കുന്നതിന് ആശുപത്രി മേധാവികളിൽനിന്ന് ആവശ്യമുള്ള മരുന്നുകളുടെ പട്ടിക ലഭിക്കാൻ മുൻകൂട്ടി ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>കേരള മെഡിക്കല്‍ സര്‍വ്വീസസ് കോര്‍പ്പറേഷന്റെ നിയന്ത്രണത്തിലുള്ള വെയര്‍ഹൗസ്</u>

2563 ശ്രീ. ഇ. പി. ജയരാജന്‍
'' സാജു പോള്‍
'' എളമരം കരീം
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള മെഡിക്കല്‍ സര്‍വ്വീസസ് കോര്‍പ്പറേഷന്റെ നിയന്ത്രണത്തിലുള്ള വിവിധ ജില്ലാ ആസ്ഥാനങ്ങളിലെ വെയര്‍ഹൗസ് നിര്‍ത്തലാക്കാന്‍ നീക്കമുണ്ടോ; ഇത് ആശുപത്രികള്‍ക്കുള്ള മരുന്നു വിതരണം തടസ്സപ്പെടുത്തുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) മരുന്നുവാങ്ങാനുള്ള പട്ടികയില്‍ നിന്ന് അര്‍ബുദ ചികിത്സക്കുള്ള 25 ഇനം മരുന്നുകളുള്‍പ്പടെ 165 ഇനം മരുന്നുകള്‍ നീക്കം ചെയ്തത് മരുന്നു വിതരണ പരിപാടിയെ അട്ടിമറിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇത് തിരുത്താന്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഗുണമേന്മയുള്ള മരുന്നുകളും മറ്റു ചികിത്സാ ഉപകരണങ്ങളും സുതാര്യമായും ന്യായവിലയ്ക്കും സംഭരിച്ച് വിതരണം ചെയ്യാനായി കഴിഞ്ഞ സര്‍ക്കാര്‍ രൂപീകരിച്ച കോര്‍പ്പറേഷനെ കൂടുതല്‍ ശക്തിപ്പെടുത്താന്‍ സര്‍ക്കാര്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) കാരുണ്യാ ഫാര്‍മസിയിലൂടെ വില്ക്കാനുള്ള മരുന്നുവാങ്ങിയതിനും സൗജന്യമായി നല്‍കുന്ന ജനറിക് മരുന്നുകള്‍ വാങ്ങിയതിനുമായി കോര്‍പ്പറേഷന്‍ നടപ്പുസാമ്പത്തിക വര്‍ഷം എന്ത് തുക ചിലവഴിച്ചെന്നും പ്രസ്തുത ആവശ്യങ്ങള്‍ക്കായി സര്‍ക്കാര്‍ എത്ര തുക കോര്‍പ്പറേഷന് ഇതുവരെ കൈമാറിയെന്നും പ്രത്യേകമായി അറിയിക്കുമോ;

(ഇ) സൗജന്യ ജനറിക് മരുന്നു വിതരണം ആരംഭിക്കുന്നതിന് മുമ്പായി മരുന്നും മറ്റു ചികിത്സാ ഉപകരണങ്ങളും സാമഗ്രികളും വാങ്ങാനായി കോര്‍പ്പറേഷന്‍ എന്ത് തുക വീതം പ്രതിവര്‍ഷം ചിലവഴിച്ചിരുന്നുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെതിരെയുള്ള പരിശോധനാ റിപ്പോർട്ട്</u>

2564 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ പരിശോധനാവിഭാഗം നൽകിയ റിപ്പോർട്ടിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നടന്ന ഇടപാടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) സ്വകാര്യ മരുന്നുകമ്പനിയെ വഴിവിട്ടുസഹായിക്കുന്ന നടപടിയാണ് കോർപ്പറേഷൻ സ്വീകരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ ജീവൻരക്ഷാ മരുന്നുകൾ</u>

2565 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11, 2011-2012, 2012-2013, 2013-2014 എന്നീ വർഷങ്ങളിൽ കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന മരുന്നു വാങ്ങുവാൻ എന്തു തുക ചിലവഴിച്ചു;

(ബി) ഓരോ വർഷവും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും എന്തു തുകയുടെ മരുന്നു വാങ്ങിയെന്നും സ്വകാര്യ മേഖലാ മരുന്നു കമ്പനികളിൽ നിന്നും എത്ര രൂപയുടെ മരുന്നു വാങ്ങിയെന്നും വ്യക്തമാക്കുമോ;

(സി) 2010-11, 2011-12, 2012-13, 2013-14 വർഷങ്ങളിൽ കെ.എം.എസ്.സി.എൽ വാങ്ങിയ ജീവൻരക്ഷാമരുന്നുകളുടെ പട്ടികയും എന്തു തുകയുടെ ജീവൻരക്ഷാമരുന്നുകൾ വാങ്ങിയെന്നും വ്യക്തമാക്കുമോ;

(ഡി) കെ.എം.എസ്.സി.എൽ വാങ്ങുന്ന ജീവൻരക്ഷാ മരുന്നുകളുടെ 2013-2014 ലെ പട്ടിക തയ്യാറാക്കിയപ്പോൾ നിരവധി മരുന്നുകൾ ഒഴിവാക്കിയതെന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം

2566 ശ്രീ. എം. ചന്ദ്രൻ
,, കെ. കെ. നാരായണൻ
,, പുരുഷൻ കടലുണ്ടി
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം വ്യാപിപ്പിക്കാനുള്ള തടസ്സങ്ങളെന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) എത്ര കാരുണ്യ ഫാർമസികൾ തുടങ്ങാനാണ് പദ്ധതിയിട്ടിരുന്നത്; നിലവിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്;

(സി) ഇത്തരം ഫാർമസികളിൽ ജീവൻരക്ഷാ ഔഷധങ്ങൾ ലഭ്യമാകുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി സർക്കാർ എത്ര തുക ഇതുവരെ ചിലവഴിച്ചെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കാരുണ്യ മെഡിക്കൽ സ്റ്റോറുകളിലെ മരുന്നുകൾ</u>

2567 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ മെഡിക്കൽ സ്റ്റോറുകളിലേക്ക് മരുന്ന് വാങ്ങുന്നത് നടപടി ക്രമങ്ങൾ പാലിച്ചാണോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കാരുണ്യാ ഫാർമസികളിൽ ജീവൻ രക്ഷാ ഔഷധങ്ങൾ കഴിഞ്ഞ നാലുമാസങ്ങളായി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടോ; വ്യക്തമാക്കാമോ;

(സി) ജീവൻ രക്ഷാ ഔഷധങ്ങൾ കാരുണ്യാഫാർമസിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>കാരുണ്യാ ഫാർമസിയും ഫാർമസിസ്റ്റുകളുടെ ശമ്പളവും</u>

2568 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യാ ഫാർമസിയിൽ മറ്റ് ഫാർമസികളിൽ നിന്നും ലഭിക്കുന്നതിനേക്കാൾ വില കുറച്ചാണോ എല്ലാ മരുന്നുകളും ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ശസ്ത്രക്രിയാ സാമഗ്രികളും കാരുണ്യാ ഫാർമസിയിൽ ലഭ്യമാണോ; ഇല്ലെങ്കിൽ ഇവ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) നീതി സ്റ്റോറുകൾ ഉൾപ്പെടെയുള്ള സർക്കാർ അധീനതയിലുള്ള ഫാർമസിയിലെ എല്ലാ ഫാർമസിസ്റ്റുകൾക്കും തുല്യ ശമ്പളം ലഭിക്കുന്ന അവസരത്തിൽ സമാനതരത്തിൽ ജോലി നോക്കുന്ന കാരുണ്യ ഫാർമസിയിലെ ഫാർമസിസ്റ്റുകൾക്ക് ഗ്രേഡ് തിരിച്ച് ശമ്പളം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ ശമ്പളം ഏകീകരിക്കുന്നതിന് അനുകൂല നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ</u>

2569 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻവർഷത്തെ ബഡ്ജറ്റിൽ, സംസ്ഥാനത്താകെ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി പ്രതീക്ഷിച്ച മൊത്തം ചെലവ് എത്ര ; പ്രസ്തുത പദ്ധതിക്ക് സർക്കാർ നൽകിയ തുക എത്ര; ഇതിനകം പ്രവർത്തനം ആരംഭിച്ച ഫാർമസികൾ എത്ര; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നല്കിയ പരസ്യങ്ങൾക്ക് ഇതിനകം ചെലവായ തുക എത്രയാണെന്ന് വിശദമാക്കാമോ ;

(സി) നേരത്തെ പ്രവർത്തിച്ചുവരുന്ന, ആശ്രയനീതിമെഡിക്കൽ സ്റ്റോറുകളും, സിവിൽ സ്പ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള മരുന്ന് സ്റ്റോറുകളും എത്ര വീതമുണ്ടെന്നറിയിക്കുമോ ; പ്രസ്തുത സ്ഥാപനങ്ങളും കാരുണ്യ ഫാർമസികളും തമ്മിലുള്ള വില്പന വിലയിലെ വ്യത്യാസം വിശദമാക്കാമോ ;

(ഡി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതിക്കായി പി.എസ്.സി. വഴിയല്ലാതെ നിയമിക്കപ്പെട്ട ജീവനക്കാർ എത്ര ;ഏത് വ്യവസ്ഥയിൽ എത്ര പേരെ, ഏതെല്ലാം തസ്തികകളിൽ, ഏത് നടപടിക്രമ പ്രകാരം നിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതിയുടെ പ്രവർത്തനം

2570 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എത്ര വിൽപന കേന്ദ്രങ്ങളാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നത്; അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ ജീവൻരക്ഷാ മരുന്നുകളും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് പരിസരത്ത് പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസിയിൽ നിന്നും മരുന്നു വാങ്ങുമ്പോൾ ഓരോ മരുന്നും പ്രത്യേകം കവറുകളിലാക്കി, കഴിക്കേണ്ട ക്രമവും രേഖപ്പെടുത്തി രോഗികൾക്ക് നൽകുന്നതിന് കർശന നിർദ്ദേശം നൽകുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

‘ആന്റിവെനം’ത്തിന്റെ ലഭ്യതക്കുറവും ഉയർന്ന വിലയും

2571 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമ്പുകടിയേറ്റ് ചികിത്സക്കെത്തുന്നവർക്കുള്ള ജീവൻരക്ഷാ മരുന്നായ ‘ആന്റിവെനം’ത്തിന്റെ ലഭ്യതക്കുറവും ഉയർന്ന വിലയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഔഷധത്തിന്റെ നിർമ്മാണം സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും കമ്പനി നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവൻരക്ഷാ ഔഷധത്തിന്റെ വിലനിയന്ത്രണവും ലഭ്യതയും ഉറപ്പു വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

ഐ.വി. കാനുലയുടെ വില

2572 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010–11 വർഷം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ ഐ.വി.കാനുല എന്ത് വിലയാണ് നൽകിയത്;

(ബി) 2011–12–ൽ പ്രസ്തുത ഉപകരണം വാങ്ങിയത് ഏത് നിരക്കിലായുരുന്നു;

(സി) 2012–13–ൽ ഐ.വി. കാനുല വാങ്ങിയിട്ടുണ്ടോ; അതിന്റെ വില, വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പി. എച്ച്. സി. കളിൽ ക്ലിനിക്കൽ ലാബുകൾ</u>

2573 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ക്ലിനിക്കൽ ലാബുകൾ എന്നത്തേക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന്
വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഒ. പി. ബ്ലോക്ക്/എക്സ്റേ ബ്ലോക്ക് നിർമ്മാണം</u>

2574 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഒ. പി. ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ ഡിസൈൻ പരിശോധനയ്ക്കായി ആരോഗ്യ വകുപ്പിന് അയച്ച ഫയലിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ബി) ആരോഗ്യ വകുപ്പിന്റെ ഫണ്ടിൽനിന്നും ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ എക്സ്റേ ബ്ലോക്ക് നിർമ്മിക്കുവാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ എന്ത് നടപടി സ്വീകരിച്ചുയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണം

2575 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ ആരോഗ്യവകുപ്പിൽ നിലനിൽക്കുന്ന ഇ2/35365/എച്ച്.&എഫ്.ഡബ്ല്യൂ./2013, ഇ2/55176/എച്ച്.&എഫ്.ഡബ്ല്യൂ./2013 എന്നീ ഫയലുകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനു കാലതാമസമുണ്ടാകുന്നതിന്റെ കാരണമെന്തെന്നു വ്യക്തമാക്കുമോ;

(ബി) ധനകാര്യവകുപ്പ് പ്രസ്തുത ഫയൽ വിളിച്ചുവരുത്തുവാൻ ഉത്തരവിട്ടിട്ടും പ്രസ്തുത ഫയൽ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ബഹു: ധനകാര്യവകുപ്പുമന്ത്രിയും, ആരോഗ്യവകുപ്പുമന്ത്രിയും കോട്ടയം കളക്ടറേറ്റിൽ നടന്ന യോഗങ്ങളിൽ പ്രസ്തുത ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുമെന്നു പ്രഖ്യാപിച്ചിട്ടും ഈ ഫയൽ ധനകാര്യവകുപ്പുമന്ത്രിയുടെ പരിഗണനയ്ക്കു നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ആരോഗ്യവകുപ്പിന്റെ അക്കൗണ്ട് ഹെഡ്ഡിൽനിന്നും ഏതൊക്കെ ആശുപത്രികൾക്കാണ് നടപ്പുവർഷം കെട്ടിടനിർമ്മാണത്തിനു ഫണ്ട് നൽകിയതെന്നു വ്യക്തമാക്കുമോ;

(ഇ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിനു ഫണ്ട് നൽകുന്നതിനുള്ള ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ പി.എച്ച്.സി./ആയുർവ്വേദ/ ഹോമിയോ ഡിസ്പെൻസറികൾ

2576 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ പി.എച്ച്.സി.കളും, ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളും സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുളള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഓരോ നിവേദനങ്ങളിലെ ആവശ്യത്തിലും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>കൊല്ലങ്കോട് പി.എച്ച്.സി.യുടെ പ്രവർത്തനം</u>

2577 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് പി.എച്ച്.സി.യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; നിലവിലെ ഭൗതിക സാഹചര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കൊല്ലങ്കോട് പി.എച്ച്.സി.യെ സി.എച്ച്.സി.യായി ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഉണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാകുമോ;

(സി) കൊല്ലങ്കോട് പി.എച്ച്.സി.യെ സി.എച്ച്.സി.യായി ഉയർത്തുന്ന നടപടി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പുനലൂർ താലൂക്ക് ആശുപത്രിയിൽ പുതുതായുള്ള ഡയാലിസിസ് യൂണിറ്റ്</u>

2578 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുനലൂർ താലൂക്ക് ആശുപത്രിയിൽ പുതുതായി ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

2579 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് സമർപ്പിച്ച നിവേദന പ്രകാരം വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയ നിർദ്ദേശം സംബന്ധിച്ച തുടർനടപടിയുടെ പുരോഗതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ചികിത്സാ പിഴവ് മൂലം മരണപ്പെട്ടവർ/അംഗവൈകല്യം സംഭവിച്ചവർ</u>

2580 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ചികിത്സാ പിഴവ് മൂലം വിവിധ സർക്കാർ ആശുപത്രികളിൽ മരണപ്പെട്ടവർ എത്ര; അംഗവൈകല്യം സംഭവിച്ചവർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിനുളളിൽ വിവിധ സ്വകാര്യ ആശുപത്രികളിൽ ചികിത്സാ പിഴവ് മൂലം എത്ര പേർ മരണപ്പെട്ടുവെന്നും എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചുവെന്നുമാണ് ആരോഗ്യ വകുപ്പ് കണക്കാക്കിയിട്ടുളളത്;ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ മരണപ്പെട്ടവർ, അംഗവൈകല്യം സംഭവിച്ചവർ തുടങ്ങിയവർക്ക് ഈ സർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്; എന്ത് തുകയുടെ ധനസഹായമാണ് നൽകിയത്; വിശദമാക്കുമോ;

(ഡി) ചികിത്സാ പിഴവിന് വിവിധ കോടതികൾ എത്ര സർക്കാർ/ സ്വകാര്യ ഡോക്ടർമാരെ കുറ്റക്കാരെന്ന് കണ്ടെത്തി; അവർ ആരെല്ലാം; വിശദമാക്കുമോ ;

(ഇ) ഇത്തരം ഡോക്ടർമാർക്കെതിരെ ആരോഗ്യ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(എഫ്) ചികിത്സാപിഴവ് മൂലമുളള മരണങ്ങളും അംഗവൈകല്യങ്ങളും ഉണ്ടാകാതിരിക്കാൻ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 27.01.2014–ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ശിശുമരണം സംബന്ധിച്ച റിപ്പോർട്ട്</u>

2581 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ പോഷകാഹാരക്കുറവ് മൂലം എത്ര കുട്ടികൾ മരണപ്പെട്ടുവെന്ന് വിശദമാക്കാമോ;

(ബി) അട്ടപ്പാടിയിലെ ശിശുമരണം സംബന്ധിച്ച് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട ഡോ. ബി. ഇക്ബാൽ സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ/ഉള്ളടക്കം എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഡോ. ഇക്ബാൽ സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ആരോഗ്യമേഖലയിൽ ശിശുമരണം ഇല്ലാതാക്കാനും ജീവൻ രക്ഷാ മരുന്നുകളുടെ വില നിയന്ത്രിച്ച് നിർത്താനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>എൻ. ആർ. എച്ച്. എമ്മിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങൾ</u>

2582 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്. എമ്മിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ബി) അവയുടെ റിപ്പോർട്ടുകൾ സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; പ്രധാന നിഗമനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) 100% കേന്ദ്ര സഹായത്തോടുകൂടിയുള്ളതും 50% കേന്ദ്ര സഹായത്തോട് കൂടിയുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) അത്തരം പദ്ധതികളിൽ കഴിഞ്ഞ വർഷങ്ങളിലെ തുക ചിലവഴിക്കപ്പെടാതെ പോയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

എൻ. ആർ. എച്ച്. എം. പ്രവർത്തനങ്ങൾക്കായി
ലഭിച്ച കേന്ദ്ര സഹായം

2583 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പിന് കേന്ദ്രധനസഹായമായി എന്ത് തുക ലഭ്യമായി;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് തുക ലഭിച്ചത്; അതിൽ എത്ര തുക ചിലവഴിച്ചു. ചിലവഴിക്കാത്ത തുക എത്ര; ചിലവഴിക്കാത്തതിനു കാരണം വിശദമാക്കാമോ;

(സി) എൻ. ആർ. എച്ച്. എം. പ്രവർത്തനങ്ങൾക്കായി 2012-13 വർഷത്തിൽ എത്ര തുക കേന്ദ്രധനസഹായം ലഭിച്ചു;

(ഡി) എൻ. ആർ. എച്ച്. എം. മുഖേന 2012-13 വർഷത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വ്യക്തമാക്കുമോ;

(ഇ) 2012-13 വർഷത്തിൽ എൻ. ആർ. എച്ച്. എം. ഫണ്ട് ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ എന്ത് തുകയുടെ പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) എൻ. ആർ. എച്ച്. എം. പ്രവർത്തനങ്ങളിൽ സംസ്ഥാന വിഹിതം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിന് അനുവദിച്ച തുക

2584 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിന് 2006 മേയ് മാസം മുതൽ 2011 മേയ് മാസം വരെ സർക്കാർ അനുവദിച്ച തുക എത്ര; ഓരോ ഇനത്തിനും അനുവദിച്ച തുക വ്യക്തമാക്കുമോ;

(ബി) ഇതിൽ എന്തു തുക ഇതുവരെ ചിലവഴിച്ചു; ഓരോ ഇനത്തിലും ചിലവഴിച്ച തുക വ്യക്തമാക്കുമോ;

(സി) 2011 മേയ് മാസം മുതൽ 2013 ഡിസംബർ മാസം വരെ ആലപ്പുഴ മെഡിക്കൽ കോളേജിന് സർക്കാർ എന്തു തുക അനുവദിച്ചു; ഇനം തിരിച്ച് വ്യക്തമാക്കുമോ?

(ഡി) 2011 മേയ് മാസം മുതൽ 2013 ഡിസംബർ മാസം വരെ എന്തു തുക ചിലവഴിച്ചു; ഇനം തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

2011, 2012, 2013 വർഷങ്ങളിൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ മുഖാന്തിരം ലഭിച്ച ഫണ്ട്

2585 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011, 2012, 2013 വർഷങ്ങളിൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ മുഖാന്തിരം ലഭിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഫണ്ട് പ്രധാനമായും വിനിയോഗിച്ചത് ഏതെല്ലാം കാര്യങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ലഭിച്ച എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും ഭരണപരമായ കാര്യങ്ങൾക്കു മാത്രം മൊത്തം തുകയുടെ എത്ര ശതമാനം ചിലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) എൻ.ആർ.എച്ച്.എം. മുഖേന നൽകുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ഡി) എൻ.ആർ.എച്ച്.എം പ്രാവർത്തികമായതിന്റെ ഫലമായി 2010, 2011, 2012, 2013 വർഷങ്ങളിൽ ആരോഗ്യരംഗത്ത് നേടിയ പ്രധാന നേട്ടമെന്തെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
# 27.01.2014–ലെ മറുപടിക്ക്

കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ ശമ്പളം നൽകാനും വർക്ക് ബില്ലുകളുടെ പേയ്മെന്റ് നൽകാനും സ്വീകരിച്ച നടപടി

2586 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 17.12.2013 ൽ സർക്കാർ ഉത്തരവിലൂടെ ഏറ്റെടുത്ത കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ 2014 ജനുവരി മാസം മുതൽ ശമ്പളം കൊടുക്കാനും നിർമ്മാണ പ്രവർത്തനങ്ങളുടെ വർക്ക് ബില്ലുകളുടെ പേയ്മെന്റ് കൊടുക്കാനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന് വേണ്ടി എന്ത് തുകയാണ് നടപ്പു സാമ്പത്തിക വർഷത്തിൽ ആവശ്യമായി വരുന്നത്; അതിൽ എന്ത് തുക ഇതിനകം അനുവദിച്ചിട്ടുണ്ട്; അനുവദിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; ഇക്കാര്യങ്ങൾക്ക് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) കൊച്ചി സഹകരണ മെഡിക്കൽ കോളേജിനു വേണ്ടി 'കേപ്പി'ൽ നിന്നും 17.12.2013 ന് ശേഷം തുടർന്നും പേയ്മെന്റ് നടത്തണമെന്ന് ഉത്തരവായിട്ടുണ്ടോ; ഇതിന് വേണ്ടി 'കേപ്പി'ൽ നിന്നും അനുവദിക്കുന്ന തുക 'കേപ്പി'ന് തിരികെ കൊടുക്കുമോ;

(ഡി) കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ നടത്തിപ്പിന് വേണ്ടി പ്രസ്തുത കോളേജ് എറണാകുളം ജില്ലാ ബാങ്കിൽ ഈട് വച്ച് എത്ര രൂപയാണ് ഓവർഡ്രാഫ്റ്റായി 'കേപ്പ്' എടുത്തിട്ടുള്ളത്; ഈ ബാധ്യത തീർക്കാൻ എന്ത് നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

**ആരോഗ്യവകുപ്പിൻകീഴിൽ ജോലി ചെയ്യുന്ന എൻ.ആർ.എച്ച്.എം. ജീവനക്കാരുടെ ശമ്പളം**

2587 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൻ കീഴിൽ ജോലി ചെയ്യുന്ന എൻ.ആർ.എച്ച്.എം ജീവനക്കാരിൽ ഏതെങ്കിലും വിഭാഗം ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) എന്നു മുതലാണ് എൻ.ആർ.എച്ച്.എം. കരാർ ജീവനക്കാരുടെ 18.2.2012 മുതൽ വർദ്ധിപ്പിച്ച ശമ്പളത്തിന് 2013-14 വർഷത്തെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാനിൽ അംഗീകാരം ലഭിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഇതിലെ കരാർ ജീവനക്കാർക്ക് ഏതുകാലയളവിലെ ശമ്പളമാണ് 2013-14 പ്ലാനിൽ അംഗീകരിച്ചിട്ടുള്ളത്;

(ഡി) കേന്ദ്രസർക്കാരിന് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ സമർപ്പിച്ചപ്പോൾ ജീവനക്കാരുടെ ശമ്പളവർദ്ധനവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ ആരാണ് ഇതിനുത്തരവാദിയെന്ന് വ്യക്തമാക്കുമോ; ശമ്പളം കുറവ് വരുത്തിയ ജീവനക്കാരിൽ ആർക്കെങ്കിലും പഴയ ശമ്പളം പുന:സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഫണ്ടിൽ നിന്നാണ് വകയിരുത്തിയത്; വിശദമാക്കുമോ;

(ഇ) ഏതെങ്കിലും മാനദണ്ഡത്തെ അടിസ്ഥാനമാക്കി എൻ.ആർ.എച്ച്.എം ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ആശാവര്‍ക്കര്‍മാരുടെ സാമ്പത്തിക ആനുകൂല്യങ്ങള്‍</u>

2588 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിലവില്‍ എത്ര ആശാവര്‍ക്കര്‍മാരുണ്ട്; ഇവര്‍ക്ക് നല്‍കുന്ന സാമ്പത്തിക ആനുകൂല്യങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവര്‍ക്ക് എത്ര മാസത്തെ സാമ്പത്തിക ആനുകൂല്യങ്ങള്‍ നല്‍കുവാനുണ്ട്; പ്രസ്തുത ആനുകൂല്യങ്ങള്‍ എപ്പോള്‍ നല്‍കുമെന്ന് വ്യക്തമാക്കുമോ;

(സി) 2013-14 നടപ്പുവര്‍ഷം ആശാവര്‍ക്കര്‍മാരുടെ പ്രവര്‍ത്തനങ്ങള്‍ക്കായി ആരോഗ്യ വകുപ്പ് എന്ത് തുക നീക്കിവച്ചിരുന്നു; ആയതില്‍ എന്ത് തുക ഇതേവരെ ചിലവഴിച്ചു; വ്യക്തമാക്കുമോ;

(ഡി) ഇവരുടെ പ്രവര്‍ത്തനത്തില്‍ എന്തെല്ലാം മാറ്റങ്ങള്‍ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ആശാവര്‍ക്കര്‍മാര്‍ക്ക് തൊഴിലുറപ്പുകാര്‍ക്ക് നല്‍കുന്നതുപോലെ ദിവസവേതനം അനുവദിച്ച് നല്‍കുവാന്‍ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റു(ആശ)കളുടെ പ്രവർത്തനം</u>

2589 ശ്രീമതി പി. അയിഷാ പോറ്റി
,, കെ.എസ്. സലീഖ
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റു(ആശ)കളുടെ പ്രവർത്തനം സംബന്ധിച്ച് വിശദാംശം നൽകാമോ;

(ബി) ജോലിഭാരം കണക്കിലെടുത്ത് ന്യായമായ മിനിമം വേതനം നൽകണമെന്ന 'ആശ'വർക്കർമാരുടെ ആവശ്യത്തോട് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുച്ഛമായ ഓണറേറിയം പോലും യഥാസമയം നൽകാൻ കഴിയാതിരുന്നതിന്റെ കാരണം അറിയിക്കുമോ;

(ഡി) ഓണറേറിയം വർദ്ധിപ്പിക്കാനും അത് യഥാസമയം നൽകാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ആശാവര്‍ക്കര്‍മാരുടെ അലവന്‍സുകള്‍</u>

2590 ശ്രീ. പി.കെ.ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ആശാ വര്‍ക്കേഴ്സിന് നിശ്ചയിച്ച അലവന്‍സ് പൂര്‍ണ്ണമായി നല്‍കിയോ; കൊടുത്തില്ലെങ്കില്‍ എന്തുകൊണ്ട്; എത്ര പേര്‍ക്ക് കൊടുക്കാനുണ്ട്; വ്യക്തമാക്കുമോ;

(ബി) 2012-13 സാമ്പത്തിക വര്‍ഷം അനുവദിച്ച 600/- രൂപ ഓണറേറിയം എത്രപേര്‍ക്ക് കൊടുത്തുതീര്‍ത്തു എന്നറിയിക്കുമോ; കൊടുത്തില്ലെങ്കില്‍ എന്തുകൊണ്ട്; കുടിശ്ശിക തുക എത്ര; എത്രപേര്‍ക്ക് നല്‍കുവാനുണ്ട്;വ്യക്തമാക്കുമോ;

(സി) 2013-14 സാമ്പത്തിക വര്‍ഷത്തെ ബഡ്ജറ്റില്‍ പ്രഖ്യാപിച്ച 700/- രൂപ ഓണറേറിയം 2013 ഡിസംബര്‍ വരെ എത്ര പേര്‍ക്ക് കൊടുത്തു; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഇനത്തില്‍ എത്രപേര്‍ക്ക് എന്തുതുക കൊടുത്തുതീര്‍ക്കാനുണ്ട്; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത വിഭാഗക്കാര്‍ക്ക് ലഭിക്കേണ്ട തുച്ഛമായ തുക പല ഉപാധികള്‍ വച്ച് പലര്‍ക്കും കൊടുക്കാതിരിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; അത്തരം പരാതികള്‍ പരിഹരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിൽ ആരോഗ്യപരിശീലന പരിപാടിയിൽ പങ്കെടുത്തവർക്കുള്ള ബത്ത</u>

2591 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യാപകമായി ആരോഗ്യവകുപ്പ് എൻ. ആർ. എച്ച്. എം. ന്റെ നേതൃത്വത്തിൽ നടത്തിയ ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എച്ച്. എം. ഐ. എസ്) പരിശീലന പരിപാടിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ 2009– ൽ നടത്തിയ ട്രെയിനിംഗിൽ പങ്കെടുത്ത ആരോഗ്യവകുപ്പ് ജീവനക്കാർക്ക് നാളിതുവരെ അനുവദനീയ ബത്തകൾ ലഭ്യമാക്കിയിട്ടില്ല എന്നതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നറിയിക്കുമോ;

(ബി) 2013 ഫെബ്രുവരിയിൽ ബത്തകൾ ലഭ്യമാക്കും എന്ന് നിയമസഭയ്ക്കുളളിൽ മറുപടി നൽകിയെങ്കിലും നാളിതുവരെ ബത്തകൾ നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) അടിയന്തിരമായി പ്രസ്തുത ബത്തകൾ ജീവനക്കാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് ചെലവായ തുക റീ ഇംബേഴ്സ് ചെയ്യാൻ നടപടി</u>

2592 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മക്കൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയതുക റീഇംബേഴ്സ് ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്നറിയിക്കുമോ;

(ബി) കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയതിന്റെ തുക റീഇംബേഴ്സ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് 25.04.2013-ൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഇറക്കിയിട്ടുള്ള ജി. ഒ. (പി) 148/2013 നമ്പർ ഉത്തരവ് പ്രാബല്യത്തിൽ വരുമ്പോൾ 2012 ഫെബ്രുവരി 2-ന് ഇറക്കിയിട്ടുള്ള സ. ഉ. (എം. എസ്) 33/2012 നമ്പർ ഉത്തരവിന്റെ പ്രാബല്യം നഷ്ടപ്പെട്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ രണ്ട് ഉത്തരവുകളുടെയും കാലയളവിനിടയിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയ കേസുകളിൽ സർക്കാർ ജീവനക്കാരന് തുക റീഇംബേഴ്സ് ചെയ്യാനാവില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) 'ശ്രുതിതരംഗം' പദ്ധതിയിലൂടെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്താൻ അപേക്ഷ നൽകുകയും സർക്കാർ ജീവനക്കാരനാണെന്ന കാരണത്താൽ തുക ലഭിക്കാതെ പോകുകയും തുടർന്ന് 1.03.2013-ൽ കടം വാങ്ങിയ തുകകൊണ്ട് പ്രസ്തുത ശസ്ത്രക്രിയ നടത്തിയ തുക റീ ഇംബേഴ്സ് ചെയ്തു കിട്ടുന്നതിന് എല്ലാ രേഖകളുമായി വകുപ്പുമേധാവി മുഖേന അപേക്ഷ നൽകുകയും ചെയ്ത ആലപ്പുഴ ജില്ലയിലെ റവന്യൂവകുപ്പ് ക്ലാസ്സ് ഫോർ ജീവനക്കാരന്റെ അപേക്ഷ പരിഗണിക്കാൻ എന്താണ് തടസ്സമെന്ന് അറിയിക്കാമോ;

(ഇ) 25.04.2013 ലെ ഉത്തരവിൽ, മുൻകാല പ്രാബല്യം രേഖപ്പെടുത്തിയിട്ടില്ലെന്ന കാരണത്താലാണോ അദ്ദേഹത്തിന് തുക നിഷേധിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക എത്രയും വേഗം ആ ജീവനക്കാരനു

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെ സ്വകാര്യ ആശുപത്രിയിലെ ചികിൽസയ്ക്ക് റീഇംബേഴ്സ്മെന്റ്</u>

T.2593 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്ക് ഏതെല്ലാം സ്വകാര്യ ആശുപത്രികളിലെ ചികിൽസയ്ക്കാണ് അംഗീകൃത നിരക്കിലുള്ള സഹായം നൽകുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കാൻസർ, ടി.ബി. രോഗികൾക്ക് പെൻഷൻ പദ്ധതി</u>

2594 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ, ടി.ബി. രോഗികൾക്ക് എന്തെങ്കിലും പെൻഷൻ പദ്ധതി നിലവിലുണ്ടോ ;

(ബി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമവും മാനദണ്ഡവും വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>വൃക്കമാറ്റിവയ്ക്കുന്നതിന് ധനസഹായം</u>

2595 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണമെന്താണെന്നു പഠനം നടത്തിയിട്ടുണ്ടോ;

(ബി) വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ടിവരുന്ന രോഗികളെ സഹായിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത് എന്ന് അറിയിക്കാമോ;

(സി) വൃക്കമാറ്റി വയ്ക്കുന്ന രോഗികൾക്ക് അതിനുവേണ്ട സാമ്പത്തിക ചെലവ് സർക്കാരാണോ വഹിക്കുന്നത് എന്നും ഇല്ലെങ്കിൽ ഇപ്രകാരമുള്ള ചെലവിന്റെ എത്ര ശതമാനം സർക്കാർ വഹിക്കുന്നു എന്നും വ്യക്തമാക്കാമോ;

(ഡി) വൃക്കമാറ്റി വയ്ക്കുന്ന രോഗികൾക്ക് ശസ്ത്രക്രിയയ്ക്ക് മുമ്പ് ഡയാലിസിസ് നടത്തുന്നതിനും മറ്റ് ചികിത്സാ ചെലവുകൾക്കും ഉള്ള തുക സർക്കാർ നൽകാറുണ്ടോ; വിശദവിവരം നൽകാമോ;

(ഇ) വൃക്കമാറ്റി വച്ചു കഴിഞ്ഞാലും തുടർന്നുള്ള കാലയളവിൽ വൻ ചെലവു വരുന്ന ചികിത്സകൾക്കാണ് വൃക്കരോഗികൾ വിധേയരാകേണ്ടി വരുന്നത് എന്നു ബോധ്യമായിട്ടുണ്ടോ; ഇതിലേക്കുള്ള ചെലവുകൾ സർക്കാർ വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

കായംകുളം താലൂക്കാശുപത്രിയിൽ നടന്ന
ശസ്ത്രക്രിയകളുടെ കണക്കുകൾ

2596 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ 2013 ജനുവരി മുതൽ ഡിസംബർ വരെ ഗൈനക്കോളജി, ഇ.എൻ.റ്റി, ഒഫ്താൽമോളജി വിഭാഗങ്ങളിൽ നടന്ന ശസ്ത്രക്രിയകളുടെ പ്രതിമാസ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) 2013 ജനുവരി മുതൽ ഡിസംബർ വരെ എത്ര ആന്റി–റാബീസ് വാക്സിനേഷനുകളാണ് എടുത്തിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

കായംകുളം താലൂക്ക് ആശുപത്രിയിലെ ഒ.പി/ഐ.പി എന്നിവയുടെ കണക്കുകൾ

2597 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്ക് ആശുപത്രിയിൽ 2013 ജനുവരി മുതൽ ഡിസംബർ വരെ പ്രതിമാസ ഒ.പി., ഐ.പി. എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഒ.പി.യിലും ഐ.പി.യിലും എത്തുന്ന രോഗികൾക്ക് അനുസൃതമായി ആവശ്യമായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം ലഭ്യമാണോ;

(സി) ഇല്ലെങ്കിൽ കൂടുതൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ആശുപത്രികളിലെ ഡോക്ടര്‍മാരുടെ ഒഴിവുകള്‍</u>

2598 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിലവില്‍ സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളിലും സര്‍ക്കാര്‍ ജില്ലാ ആശുപത്രികളിലും മറ്റ് സര്‍ക്കാര്‍ ആശുപത്രികളിലും എത്ര ഡോക്ടര്‍മാരുടെ ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സംസ്ഥാനത്തെ സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളിലും സര്‍ക്കാര്‍ ജില്ലാ ആശുപത്രികളിലും മറ്റു സര്‍ക്കാര്‍ ആശുപത്രികളിലും എത്ര ഡോക്ടര്‍മാര്‍ക്ക് നിയമനം നല്‍കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ;

(സി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം പദ്ധതിപ്രകാരം സംസ്ഥാനത്ത് ഗ്രാമീണ മേഖലകളില്‍ എത്ര ഡോക്ടര്‍മാര്‍ നിലവില്‍ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പട്ടികജാതി പട്ടികവര്‍ഗ്ഗ ആദിവാസി കോളനികള്‍ ഉള്‍ക്കൊ
ള്ളുന്ന മേഖലകളിലെ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളില്‍ ഡോക്ടര്‍മാരുടെ ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന സർക്കാർ ഡോക്ടർമാർ

2599 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ഹെൽത്ത് സർവ്വീസിലുള്ള എത്ര ഡോക്ടർമാരും മറ്റ് ഉദ്യോഗസ്ഥരും അവധിയെടുത്തും അല്ലാതെയും വിദേശത്തും സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ല തിരിച്ച് ഇവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇവരിൽ എത്രപേരുടെ പേരിൽ സർക്കാർ നടപടി സ്വീകരിച്ചു; അവർ ആരെല്ലാം; എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ഡി) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവാണുളളത്; വിശദമാക്കുമോ;

(ഇ) സർക്കാർ പുതിയതായി തുടങ്ങിയ മെഡിക്കൽ കോളേജുകളിൽ മറ്റ് മെഡിക്കൽ കോളേജുകളിൽ നിന്നും എത്ര ഡോക്ടർമാരെ സ്ഥലംമാറ്റം വഴി നിയമിച്ചു; എത്ര പേരെ നേരിട്ടു നിയമിച്ചു; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജ് ജീവനക്കാരുടെ ഒഴിവുകൾ</u>

2600 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിലായി എത്ര ജീവനക്കാരുടെ ഒഴിവുകളാണ് ഉള്ളതെന്ന് അറിയിക്കാമോ ;

(ബി) ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, അറ്റൻഡർ, നഴ്സിങ്ങ് അസിസ്റ്റന്റ്, പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവുകൾ ഓരോന്നും എത്ര വീതമാണെന്ന് അറിയിക്കാമോ ?

## കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ആരോഗ്യവകുപ്പിൽ ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികകൾ</u>

2601 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദ്വിഭരണ സംവിധാനം അവസാനിപ്പിച്ചത് മൂലം ഡി.എച്ച്.എസ്–ന്റെ തസ്തികകൾക്ക് ഡിപ്പാർട്ട്മെന്റിൽ നൽകിയിരുന്ന പദവികൾ ഡി.എം.ഇ.യിൽ കൂട്ടിച്ചേർക്കുമ്പോഴും ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ, കാരണം വ്യക്തമാക്കാമോ;

(സി) ആരോഗ്യവകുപ്പിൽ ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ, ജില്ലതിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ഇ) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ഫാർമസിസ്റ്റ് തസ്തികയുടെ സ്റ്റാഫ് പാറ്റേൺ</u>

2602 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഫാർമസിസ്റ്റ് തസ്തികയുടെ സ്റ്റാഫ് പാറ്റേൺ എന്നുമുതലുള്ളതാണ് ഇപ്പോഴും തുടരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

## തിയേറ്റർ മെക്കാനിക്കിന്റെ ഒഴിവുകൾ

2603

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ജില്ലകളിൽ ആരോഗ്യ വകുപ്പിലെ ഡി.എം.ഇ., ഡി.എച്ച്.എസ്. എന്നിവയിലെ ആശുപത്രികളിൽ തിയേറ്റർ മെക്കാനിക്കിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) നിലവിൽ പ്രസ്തുത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ അവരുടെ വിശദാംശങ്ങൾ ആശുപത്രി തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയുടെ പി.എസ്.സി. റാങ്ക്ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്താതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

ലബോറട്ടറി ടെക്നീഷ്യന്മാരുടെ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും

2604 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ലബോറട്ടറി ടെക്നീഷ്യൻ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് നിയമാനുസൃതമുള്ള സ്ഥാനക്കയറ്റവും സ്ഥലം മാറ്റവും സമയബന്ധിതമായി നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ആരോഗ്യവകുപ്പിൽ അനുവദിച്ചിട്ടുള്ള ലാബ്ടെക്നീഷ്യൻ ഗ്രേഡ്–1 തസ്തികകളുടെ എണ്ണം എത്രയാണ്; ജില്ലയിൽ ആരോഗ്യ വകുപ്പിൽ ഇപ്പോൾ എത്ര ലാബ്ടെക്നീഷ്യൻമാർ ഗ്രേഡ്–1 ജോലി നോക്കി വരുന്നു; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്–1 ന്റെ സ്ഥാനക്കയറ്റം, സ്ഥലം മാറ്റം

2605 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്–1 ന്റെ സ്ഥനക്കയറ്റം, സ്ഥലം മാറ്റം എന്നീ കാര്യങ്ങൾക്കായി ഹെൽത്ത് ഡയറക്ടർ അപേക്ഷ ക്ഷണിച്ചിരുന്നോ; ട്രാൻസ്ഫർ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിലെ ലാബ് ടെക്നീഷ്യൻമാരെ സംബന്ധിച്ചുള്ള ജി.ഒ.(ആർ.റ്റി)നം. 3844/2010/എച്ച്&എഫ്.ഡബ്ല്യു.ഡി.27/09/10 ന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത ഇത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

കോഴിക്കോട് മെഡിക്കൽ കോളേജിൽ അനസ്തറ്റിസ്റ്റുകളുടെ തസ്തികകൾ

2606 ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ അനസ്തറ്റിസ്റ്റുകളുടെ എത്ര തസ്തികയാണ് നിലവിലുള്ളത്; നിലവിൽ എത്ര തസ്തികകളിൽ ഒഴിവുണ്ട്;

(ബി) അനസ്തറ്റിസ്റ്റുകളുടെ കുറവ്മൂലം ശസ്ത്രക്രിയ നടത്തുന്നതിന് തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ നിയമനം

2607 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിലായി എത്ര ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളത് ; വിഭാഗം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(ബി) നിലവിൽ ഓരോ വിഭാഗങ്ങളിലും എത്ര പേർ ജോലി ചെയ്യുന്നു ; എത്ര പേർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റു സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു ; എത്ര പേരുടെ ഒഴിവുകൾ ഉണ്ട് ; ഇവ സംബന്ധിച്ച വിശദവിവരം വിഭാഗം തിരിച്ച് നൽകാമോ ;

(സി) പ്രസ്തുത ആശുപത്രിയിൽ അനസ്തറ്റിസ്റ്റ്, ശിശുരോഗ വിദഗ്ദ്ധൻ എന്നിവരുടെ തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റു ആരോഗ്യകേന്ദ്രങ്ങളിൽ ജോലി ചെയ്തു വരുന്ന പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാരെ തിരികെ എത്തിക്കുന്നതിനോ അല്ലെങ്കിൽ പുതിയ ഡോക്ടർമാരെ നിയമിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ധർമ്മടം നിയോജകമണ്ഡലത്തിലെ സി. എച്ച്. സി./പി. എച്ച്. സി. കളിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ

2608 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സി. എച്ച്. സി. കളിലും പി. എച്ച്. സി. കളിലും എവിടെയൊക്കെ എത്ര വീതം ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട് എന്നു വ്യക്തമാക്കാമോ;

(ബി) എവിടെയൊക്കെ ഏതൊക്കെ സ്പെഷ്യാലിറ്റി തസ്തികകൾ ഉണ്ട്; ഇതിൽ ഏതെങ്കിലും ഒഴിഞ്ഞുകിടക്കുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ സർക്കാർ ഡോക്ടർമാരുടെ ഒഴിവുകൾ</u>

2609 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്;

(ബി) കണ്ണൂർ ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ സ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

തുറവൂർ താലൂക്ക് ആശുപത്രിയുടെ ഉദ്യോഗസ്ഥരുടെ അംഗബലം

2610 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി എന്നീ സി.എച്ച്.സി കളിൽ സി.എച്ച്.സി. പാറ്റേൺ അനുസരിച്ചുള്ള ഉദ്യോഗസ്ഥരുടെ അംഗബലം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അരൂർ എം.എൽ.എ നൽകിയ നിവേദനത്തിന്മേൽ ഇപ്പോൾ എടുത്തിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കിടത്തി ചികിത്സയുള്ള പ്രസ്തുത ആശുപത്രികളിൽ അടിയന്തരമായി ഉദ്യോഗസ്ഥരുടെ അംഗബലം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) രാത്രികാലങ്ങളിൽ പ്രസ്തുത ആശുപത്രികളിൽ കാൾ ഓൺ ഡ്യൂട്ടിക്കായി ഓരോ ഡോക്ടർമാരെ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; തുറവൂർ താലൂക്ക് ആശുപത്രിയുടെ ഉദ്യോഗസ്ഥരുടെ അംഗബലം വർദ്ധിപ്പിക്കുവാനുള്ള നടപടി ബഹു. മന്ത്രി പ്രഖ്യാപിച്ചതിൻപ്രകാരം ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ ഒഴിവുകൾ</u>

2611 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ നിലവിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റു ജീവനക്കാരുടെയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഒഴിവുകളുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ നികത്തുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ കുറവു പരിഹരിക്കാൻ നടപടി</u>

2612 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ചു നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ദന്തൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി</u>

2613 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും ദന്തൽ ഡോക്ടർമാരുടെ സ്ഥിരം തസ്തികകൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ, തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ എൻ.ആർ.എച്ച്.എം. മുഖേന കരാറടിസ്ഥാനത്തിൽ ഏതെല്ലാം ആശുപത്രികളിലായി എത്രവീതം ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്;

(ഡി) പ്രസ്തുത ഡോക്ടർമാരുടെ കരാർ കാലാവധി കഴിയുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ, വിശദമാക്കുമോ;

(ഇ) 'അസിസ്റ്റന്റ് ഡെന്റൽ സർജൻ' തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ, റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഡോക്ടർമാരുടെ ഒഴിവുകൾ

2614 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ ഇപ്പോൾ സേവനം അനുഷ്ഠിച്ചുവരുന്ന അലോപ്പതി, ഹോമിയോപ്പതി, ആയുർവേദം എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ എണ്ണം പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽ എത്ര ഒഴിവുകൾ വീതം നില വിലുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ചാലക്കുടി താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് നഴ്സുമാരുടെ സ്ഥലംമാറ്റം</u>

2615 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് നഴ്സുമാരെ യതൊരു മാനദണ്ഡവും പാലിക്കാതെ സ്ഥലംമാറ്റം നടത്തിയത് കാരണം രോഗികൾക്ക് ലഭിയ്ക്കേണ്ട സേവനങ്ങൾ നിർത്തിവച്ചിരിക്കുന്നതും പരിമിതപ്പെടുത്തിയിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ 8 നഴ്സുമാരെ കൂട്ടത്തോടെ സ്ഥലം മാറ്റിയിരിക്കുന്നതും, പകരം സ്റ്റാഫ് എത്തുന്നതിനുമുമ്പുതന്നെ റിലീവ് ചെയ്തിരിക്കുന്നതുംമൂലം രോഗികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി സ്ഥലമാറ്റ നടപടി റദ്ദാക്കുന്നതിനും നഴ്സുമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

വൈപ്പിന്‍ മണ്ഡലത്തിലെ സര്‍ക്കാര്‍ ആശുപത്രികളിലെ ഡോക്ടര്‍, സ്റ്റാഫ് നഴ്സ് തസ്തികകള്‍

2616 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വൈപ്പിന്‍ മണ്ഡലത്തിലെ സര്‍ക്കാര്‍ ആശുപത്രികളിലെ ഡോക്ടര്‍, സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളിലേയ്ക്കുള്ള ഒഴിവുകള്‍ നികത്തുന്നതിന് തടസ്സമെന്തെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തില്‍ ഇതുവരെ സ്വീകരിച്ച നടപടിയെന്തൊക്കെയാണെന്നും, എത്ര കാലാവധിക്കുള്ളില്‍ പൂര്‍ണ്ണരീതിയില്‍ നിയമനം നടത്താനാകുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലാ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ സൂപ്രണ്ടിന്റെ തസ്തിക</u>

2617 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയോട് ചേർന്ന് പ്രവർത്തിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സൂപ്രണ്ടിന്റെ തസ്തിക നിലവിൽ ഉണ്ടോ ; ഇല്ലെങ്കിൽ തസ്തിക ഇല്ലാതാക്കുന്നതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ ;

(ബി) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ സൂപ്രണ്ടിന്റെ തസ്തിക പുനഃസ്ഥാപിച്ച് സൂപ്രണ്ടിനെ നിയമിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ആശുപത്രികളിൽ ഡോക്ടർമാരുടെ നിയമനം</u>

2618 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ ആശുപത്രികളിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് നികത്താനുള്ളത് ; വിശദമാക്കുമോ ;

(ബി) ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെ തസ്തികകളിൽ നിയമനം നടത്താൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) ഡോക്ടർമാർ ഇല്ലാത്തതുകാരണം ഏതെല്ലാം ആശുപത്രികളുടെ പ്രവർത്തനമാണ് നിർത്തിവെച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിലെ ജെ. പി. എച്ച്. എൻ.മാരുടെ നിയമനം

2619 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ ജെ. പി. എച്ച്. എൻ. തസ്തികയിലേയ്ക്കുള്ള പി. എസ്. സി. ലിസ്റ്റിൽ നിന്നും നിലവിൽ എത്രപേരെ നിയമിച്ചു എന്നും ഒഴിവുകൾ എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) 12.08.2012–ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ട ജെ. പി. എച്ച്. എൻ. മാരുടെ കാറ്റഗറി തിരിച്ചുള്ള റാങ്ക് നമ്പരുകൾ ലഭ്യമാക്കുമോ;

(സി) കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം തിരുവനന്തപുരം ജില്ലയിലെ ജനസംഖ്യയുടെ അനുപാതത്തിൽ ആകെ വേണ്ട ജെ. പി. എച്ച്. എൻ. തസ്തികകൾ എത്രയാണെന്നു അറിയിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിൽ</u>
<u>തിയേറ്റർ മെക്കാനിക് തസ്തിക</u>

2620 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിൽ ഏറ്റവും കൂടുതൽ പ്രസവശസ്ത്രക്രിയ നടക്കുന്ന കോഴിക്കോട് മെഡിക്കൽ കോളേജിൽ തിയേറ്റർ മെക്കാനിക് തസ്തിക അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ പുതിയ തസ്തികകൾ

2621 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയശേഷം ഇവിടെ പുതിയ തസ്തികകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സർക്കാർ കഴിഞ്ഞ രണ്ട് വർഷമായി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യവകുപ്പിൽ നിലവിലുളള എം1/13344/13 എം1/18841/ 2013 എന്നീ ഫയലുകൾ ബഹു. ധനകാര്യ വകുപ്പ് മന്ത്രി ആവശ്യപ്പെട്ടിട്ടും നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ബഹു. ധനകാര്യ വകുപ്പ് മന്ത്രി 3039/വി.ഐ.പി/2013 എന്ന ഫയൽ 24/11/2013 ൽ ആവശ്യപ്പെട്ടിട്ടും നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫയൽ ഇപ്പോൾ എവിടെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ ഫയൽ സ്പ്ലിറ്റ് ചെയ്ത് കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ ഫയൽ മാത്രം ധനകാര്യവകുപ്പിന് കൈമാറുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

അന്തിക്കാട് കെ. പി. പ്രഭാകരൻ സ്മാരക ആശുപത്രിയിലെ ഒഴിവുകൾ

2622 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തിക്കാട് കെ. പി. പ്രഭാകരൻ സ്മാരക സർക്കാർ ആശുപത്രിയുടെ എൻ. ആർ. എച്ച്. എം പ്രകാരമുളള ഡോക്ടർമാരും അനുബന്ധ ജീവനക്കാരും എത്ര എണ്ണമാണെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം തസ്തികകളിൽ ഡോക്ടർമാരും ജീവനക്കാരും നിയമിക്കപ്പെട്ടിട്ടുണ്ടെന്നും ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്നും വിശദമാക്കുമോ;

(സി) ഒഴിവുള്ള തസ്തികകളിൽ എത്രയും വേഗം നിയമന നടപടികൾ സ്വീകരിക്കുമോ;

(ഡി) എൻ. ആർ. എച്ച്. എം. പ്രകാരം വൈകുന്നേരം 6 മണി മുതൽ ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കാനഡ സർവ്വകലാശാലയുടെ സർവ്വേ</u>

2623 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളീയരുടെ ആരോഗ്യവിവരം അറിയാൻ കാനഡ സർവ്വകലാശാലയുടെ പരീക്ഷണ വിഭാഗം കേരളത്തിൽ നടത്തുന്ന സർവ്വേയ്ക്കുവേണ്ടി വിദേശത്തു നിന്നും ലഭിച്ച പണം കൈപ്പറ്റിയത് ആരെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>എൻ.എ.ബി.എൽ.അക്രഡിറ്റേഷനുള്ള ഗവൺമെന്റ് അനലറ്റിക്കൽ ലാബുകൾ</u>

2624 ശ്രീ.എം.ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിലവാര നിയമം അനുശാസിക്കുന്ന പ്രകാരമുള്ള എൻ.എ.ബി.എൽ അക്രഡിറ്റേഷനുള്ള എത്ര ഗവൺമെന്റ് അനലറ്റിക്കൽ ലാബുകൾ സംസ്ഥാനത്ത് നിലവിലുണ്ട്;

(ബി) എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി ഡിവിഷനുകളിൽ എത്ര മൈക്രോബയോളജിസ്റ്റ് തസ്തികകൾ ആവശ്യമാണ്; മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) സർക്കാർ അനലറ്റിക്കൽ ലാബുകളുടെ നാഷണൽ അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും മൈക്രോബയോളജിസ്റ്റുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മൈക്രോ-ബയോളജിസ്റ്റ് തസ്തിക</u>

2625 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 27.07.2013-ലെ ബി-2558/13/സി.എഫ്.എസ്. നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗവ. അനലറ്റിക്കൽ ലാബിൽ ജി.ഒ.(എം.എസ്.) 450/99/എച്ച്.ആന്റ് എഫ്.ഡബ്ല്യൂ.ഡി. പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റിന്റെ തസ്തിക അപ്ഗ്രേഡ് ചെയ്ത് മൈക്രോ-ബയോളജിസ്റ്റ് തസ്തികയായി മാറ്റുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 21207/ഇ1/എച്ച്.എഫ്.ഡബ്ല്യൂ./2013-ലെ ഫയൽ നടപടി ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) മൈക്രോ-ബയോളജിസ്റ്റ് തസ്തികയിലേയ്ക്ക് നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്താൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് എന്നത്തേയ്ക്ക് നിയമനം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം

2626 ശ്രീ. കെ. മുരളീധരൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി കർമ്മപരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരിപാടിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന</u>

T.2627

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പ് രൂപീകരിക്കപ്പെട്ടതിനു ശേഷം സംസ്ഥാനത്ത് നാളിതുവരെ നടത്തിയ ഭക്ഷ്യവസ്തുക്കളുടെയും ഭക്ഷണകേന്ദ്രങ്ങളുടെയും പരിശോധനകളും പ്രസ്തുത പരിശോധനകളിൽ പുറത്തുവന്ന പൊതുവായ കണ്ടെത്തലുകളും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) എത്ര കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയുണ്ടായി; മായം ചേർത്തതിന്റെ പേരിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ കേസ് എടുക്കുകയുണ്ടായി; എത്ര പേർ അറസ്റ്റ് ചെയ്യപ്പെട്ടു; എത്ര കേസുകളിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടു; എത്ര കച്ചവടസ്ഥാപനങ്ങൾ അടച്ചുപൂട്ടി; വ്യക്തമാക്കാമോ;

(സി) നാളിതുവരെ ഒരു പരിശോധനയ്ക്കും വിധേയമായിട്ടില്ലാത്ത ഭക്ഷ്യവസ്തുക്കൾ വില്പന നടത്തുന്ന കടകൾ എത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>തെർമോക്കോൾ പെട്ടികൾ നീക്കം ചെയ്യാൻ നടപടി</u>

2628 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശീതളപാനീയങ്ങൾ വിതരണം ചെയ്യുന്ന കടകളിലെ തെർമോക്കോൾ പെട്ടികൾ നീക്കംചെയ്യാൻ ഭക്ഷ്യസുരക്ഷാ വിഭാഗം നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) തെർമോക്കോൾ പെട്ടികൾ കടകളിൽ നിന്ന് ഒഴിവാക്കുന്നതിനും അവ കണ്ടെത്തിയാൽ പിഴ ഈടാക്കാനും ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഭക്ഷണസാധനങ്ങളിലെ വിഷാംശം

2629 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐസ്ക്രീം പൗഡർ, ബദാം മിക്സ്, ഷാർജ, പിസ്ത തുടങ്ങിയ ജ്യൂസ് പൗഡർ വിവിധ നാമങ്ങളിൽ മാരകമായ കെമിക്കൽസ് ചേർത്ത് ജ്യൂസ് കടകളിലും മറ്റ് ബേക്കറി, സ്റ്റേഷനറി കടകളിലും വിറ്റഴിക്കുന്നത് സംബന്ധിച്ചും പ്രസ്തുത ഉൽപ്പന്നങ്ങളുടെ ഉല്പാദനം, ഉപയോഗ യോഗ്യത എന്നിവ സംബന്ധിച്ചും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അന്വേഷണത്തിൽ ഏതെല്ലാം വിഭാഗത്തിലെ വിദഗ്ധർ പങ്കെടുത്തിട്ടുണ്ട്;

(സി) അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഭക്ഷണ സാധനങ്ങളിലെ മായം

2630 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിർത്തി കടന്നുവരുന്ന ഭക്ഷണ സാധനങ്ങളിലെ മായം കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ചെക്ക് പോസ്റ്റുകളോട് അനുബന്ധിച്ച് ഇതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മെഡിക്കൽ റിക്കോർഡ് ലൈബ്രറി</u>

2631 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ മെഡിക്കൽ റിക്കോർഡ് ലൈബ്രറി സ്ഥാപിക്കുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ നിലവിൽ മെഡിക്കൽ റിക്കോർഡ് ലൈബ്രറി/മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ തസ്തിക എന്നിവ ഉള്ളത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി ഏതെല്ലാം ആശുപത്രികളിൽ മെഡിക്കൽ റിക്കോർഡ് ലൈബ്രറി/മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ തസ്തിക അനുവദിച്ചിട്ടുണ്ട്; ഇപ്രകാരമുള്ള ആശുപത്രികളിൽ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം എത്ര എന്നതും ആശുപത്രിയുടെ പേര്, നിയോജകമണ്ഡലം എന്നിവയും വ്യക്തമാക്കാമോ;

(ഡി) ദിനംപ്രതി 2500 ഓളം ഒ.പി. കൈകാര്യം ചെയ്യുന്ന താലൂക്കിലെ പ്രധാന ആശുപത്രിയായ കൊയിലാണ്ടി ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ മെഡിക്കൽ റിക്കോർഡ് ലൈബ്രറി സംവിധാനമില്ലാത്തതിനാൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തേണ്ടത് ആവശ്യമാണ് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കൊയിലാണ്ടി ആശുപത്രിയേക്കാൾ അനുവദനീയ കിടക്കകളുടെ എണ്ണവും ഒ.പി.യും കുറവുള്ളതായ പല സ്ഥലത്തും എം.ആർ.എൽ. പരിഗണിച്ചപ്പോഴും കൊയിലാണ്ടി താലൂക്കാശുപത്രി പരിഗണിക്കപ്പെടാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

2632 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സർക്കാർ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം എത്ര ;

(ബി) നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഏതെല്ലാം ഡിപ്പാർട്ടുമെന്റുകൾ ഉണ്ട് ; സർക്കാർ മാനദണ്ഡമനുസരിച്ച് ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളാണ് ഉണ്ടായിരിക്കേണ്ടത്; വ്യക്തമാക്കാമോ ; ഓരോ ഡിപ്പാർട്ടുമെന്റിലും ഉണ്ടായിരിക്കേണ്ട ഡോക്ടർമാരുടെ എണ്ണം എത്ര ; വ്യക്തമാക്കാമോ ;

(സി) നിലവിൽ ഓരോ ഡിപ്പാർട്ടുമെന്റിലും ഉള്ള ഡോക്ടർമാരുടെ എണ്ണം (റെഗുലർ, താല്കാലികം) വിശദമാക്കാമോ ;

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതെല്ലാം; വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റു ആശുപത്രികളിലേക്ക് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ഇ) ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മാവേലിക്കര ജില്ലാ ആശുപത്രിയിലെ ആംബുലൻസുകൾ</u>

2633 ശ്രീ. ആർ രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ആംബുലൻസുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര വാഹനമാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്;

(സി) എത്ര ഡ്രൈവർമാരാണ് നിലവിൽ പ്രസ്തുത ആംബുലൻസുകളിൽ പ്രവർത്തിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) 24 മണിക്കൂറും ആംബുലൻസിന്റെ സേവനം ഇവിടെ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആംബുലൻസിന്റെ സേവനം 24 മണിക്കൂറും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) ആവശ്യമുള്ള ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>തുറവൂർ താലൂക്ക് ആശുപത്രിയിലെ പുതിയ കെട്ടിടം</u>

2634

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറവൂർ താലൂക്ക് ആശുപത്രിയിൽ പണി പൂർത്തീകരിച്ച പുതിയ കെട്ടിടത്തിൽ പോസ്റ്റ്മോർട്ടം നടത്തുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ കെട്ടിടത്തിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സത്വര നടപടി ആരംഭിക്കുമോ; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ</u>
<u>ലാബോറട്ടറി സൗകര്യം</u>

2635 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാബോറട്ടറി സൗകര്യമില്ലാത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങ ളിൽ ലാബോറട്ടറി സൗകര്യം ഏർപ്പെടുത്താനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) കണ്ണൂർ ജില്ലയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലാബോ
റട്ടറി സൗകര്യം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ മാനേജിംഗ് ഡയറക്ടർ

2636 ശ്രീ. എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ൽ പുനർനിയമനം ലഭിച്ച മാനേജിംഗ് ഡയറക്ടർ സർക്കാർ ഉദ്യോഗസ്ഥനാണോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെ എം.ഡി.ആയി പുനർനിയമനം നടത്തിയിട്ടുള്ളത് എത്ര കാലാവധിക്കാണെന്നും കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ നിയമാവലി പ്രകാരമാണോയെന്നും, പ്രസ്തുത നിയമനത്തിന് ക്യാബിനറ്റ് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പുനർനിയമനം ലഭിച്ച എം.ഡി. എന്ത് തുകയുടെ സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾക്ക് എത്ര കാലാവധിക്കുള്ളിലാണ് ടെൻഡർ നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ഡോ. കെ. എം. വര്‍ഗ്ഗീസിന്റെ ഗ്രാറ്റുവിറ്റി റീഫണ്ട് ചെയ്യാന്‍ നടപടി</u>

2637 ശ്രീ. സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യകുടുംബക്ഷേമ വകുപ്പില്‍ അഡീഷണല്‍ ഡയറക്ടര്‍ തസ്തികയില്‍ നിന്നും വര്‍ഷങ്ങള്‍ക്കുമുമ്പ് റിട്ടയര്‍ ചെയ്ത ഡോ. കെ. എം. വര്‍ഗ്ഗീസിന്റെ ഗ്രാറ്റുവിറ്റിയില്‍ നിന്നും അധികമായി പിടിച്ചുവച്ചിട്ടുള്ള തുക റീഫണ്ട് ചെയ്യണമെന്ന അദ്ദേഹത്തിന്റെ അപേക്ഷ ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) ഇദ്ദേഹം എന്നാണ് റിട്ടയര്‍ ചെയ്തതെന്നും ലയബിലിറ്റി ഉണ്ടെന്ന് കണ്ടെത്തിയത് എപ്പോഴാണെന്നും എത്ര രൂപയുടെ ലയബിലിറ്റിയാണ് ഇദ്ദേഹത്തിന്റെ പേരില്‍ യഥാര്‍ത്ഥത്തിലുള്ളതെന്നും ഗ്രാറ്റുവിറ്റിയില്‍ നിന്നും എന്തു തുക പ്രസ്തുത ഇനത്തില്‍ തടഞ്ഞു വച്ചുവെന്നും വിശദമാക്കാമോ;

(സി) അധികമായി പിടിച്ച തുക റീഫണ്ട് ചെയ്യാന്‍ ഉത്തരവായിട്ടുണ്ടോ; എങ്കില്‍ എപ്പോഴാണെന്നും, പ്രസ്തുത ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോയെന്നും എങ്കില്‍ എപ്പോഴെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

ആരോഗ്യ വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ

2638 ശ്രീ. തോമസ് ചാണ്ടി
'' എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ആശുപത്രികളുടെ പ്രവർത്തനത്തിന് ആവശ്യമായ രീതിയിൽ നിർമ്മാണം നടക്കാത്തതു കാരണം പല കെട്ടിടങ്ങളും ഉപയോഗശൂന്യമായി കിടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആശുപത്രി നിർമ്മാണത്തിലെ അപാകത പരിഹരിക്കുന്നതിനു വേണ്ടി ആരോഗ്യ വകുപ്പിന് സ്വന്തമായി എൻജിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>നിരോധിക്കപ്പെട്ട മരുന്നുകൾ</u>

2639 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2013 വരെ ഗുണമേന്മയില്ലാത്തതിനാലും മറ്റ് കാരണങ്ങളാലും എത്ര മരുന്നുകൾ നിരോധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത മരുന്നുകൾ കടകളിൽ നിന്നും ഫാർമസികളിൽ നിന്നും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) നിരോധിക്കപ്പെട്ട മരുന്നുകൾ ഏതെല്ലാമാണെന്ന് ഉപഭോക്താക്കളെ അറിയിയിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ഡി) നിരോധിച്ച മരുന്നുകൾ വില്പന നടത്തിയതിന് ഏതെങ്കിലും സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ എതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>പ്രതിരോധ വാക്സിനുകളുടെ ഗുണനിലവാരം</u>

2640 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിരോധ വാക്സിനുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(ബി) പെന്റാവാലന്റ് വാക്സിൻ സംസ്ഥാനത്ത് ഉപയോഗിക്കുന്നതിനു മുൻപായി അതിന്റെ ഗുണനിലവാരം സംബന്ധിച്ച് പഠനം നടത്തിയിരുന്നോ; വ്യക്തമാക്കാമോ;

(സി) ഇത്തരം വാക്സിനുകൾ ഉപയോഗിക്കുന്നതിന് ഡബ്ല്യു. എച്ച്. ഒ.യുടെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ വിതരണം ചെയ്ത കമ്പനികൾ</u>

2641 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലൂടെ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വ്യാപകമായി വിതരണം ചെയ്യപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്ത എത്ര കമ്പനികളെ കരിമ്പട്ടികയിൽപെടുത്തിയിട്ടുണ്ട് എന്നും അവ ഏതൊക്കെയാണെന്നും ഈ കമ്പനികൾ വിതരണം ചെയ്ത മരുന്നുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധന</u>

2642 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം എന്നീ മെഡിക്കൽ കോളേജുകൾക്കുകീഴിലുള്ള ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധന നടത്തുന്നത് സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ്റിൽ പരാമർശിച്ചിരുന്നോ;

(ബി) ഇതിനായി കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണെന്നും എന്ത് തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്റർ</u>

2643 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്റർ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എവിടെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

സ്വാശ്രയ കോളേജുകളിലെ തലവരിപ്പണവും അനധികൃതസംഭാവനകളും

2644 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ വിദ്യാർത്ഥികളിൽനിന്നും പ്രതിവർഷം തലവരിപ്പണമായി ഈടാക്കുന്ന പണം എത്രയാണെന്ന് അറിയാമോ; എങ്കിൽ, കണക്കുകൾ ലഭ്യമാക്കുമോ;

(ബി) സർക്കാർ അലോട്ട് ചെയ്ത സീറ്റുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽനിന്നും പ്രതിവർഷം ഈടാക്കുന്ന ഫീസ് എത്രയാണ്;

(സി) തലവരിപ്പണമായും അനധികൃതസംഭാവനയായും മറ്റും സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കു വിദ്യാർത്ഥികളിൽനിന്നും ലഭിക്കുന്ന മൊത്തം തുക എത്ര കോടിയാണെന്ന് അറിയാമോ; എങ്കിൽ, കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഡോക്ടർമാരുടെ വിരമിക്കൽ

2645 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ഡോക്ടർമാരുടെ എൻട്രി കേഡറിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര നിയമനം നടക്കുകയുണ്ടായി;

(ബി) പ്രസ്തുത വകുപ്പിലുള്ള മൊത്തം ഡോക്ടർമാർ എത്രയാണ്; ഇവരിൽ 2014, 2015, 2016 വർഷങ്ങളിൽ റിട്ടയർ ചെയ്യാനുളളവർ എത്ര പേരുണ്ടെന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>കോഴിക്കോട് മെഡിക്കല്‍ കോളേജിലെ തസ്തികകള്‍</u>

2646 ശ്രീ. എ.കെ. ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് മെഡിക്കല്‍ കോളേജിലെ ബയോ-കെമിസ്ട്രി അസോസിയേറ്റ് പ്രൊഫസര്‍ തസ്തിക തിരുവനന്തപുരം മെഡിക്കല്‍ കോളേജിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം മെഡിക്കല്‍ കോളേജില്‍ ബയോ-കെമിസ്ട്രി അസോസിയേറ്റ് പ്രൊഫസറുടെ ഒഴിവ് നിലവിലുണ്ടോ;

(ഡി) ഒഴിവ് നിലവിലില്ലെങ്കില്‍ കോഴിക്കോട് മെഡിക്കല്‍ കോളേജില്‍നിന്ന് ബയോ-കെമിസ്ട്രി അസോസിയേറ്റ് പ്രൊഫസര്‍ തസ്തിക ഷിഫ്റ്റ് ചെയ്യാനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ രണ്ട് വര്‍ഷത്തിനിടയില്‍ ഏതൊക്കെ തസ്തികകളാണ് കോഴിക്കോട് മെഡിക്കല്‍ കോളേജില്‍നിന്നും സംസ്ഥാനത്തെ മറ്റ് മെഡിക്കല്‍ കോളേജിലേയ്ക്ക് ഷിഫ്റ്റ് ചെയ്തതെന്ന് വെളിപ്പെടുത്താമോ;

(എഫ്) 250 എം.ബി.ബി.എസ്. വിദ്യാര്‍ത്ഥികളും, 300-ല്‍ അധികം പാരാമെഡിക്കല്‍ വിദ്യാര്‍ത്ഥികളും പഠിക്കുന്ന കോഴിക്കോട് മെഡിക്കല്‍ കോളേജില്‍ വേണ്ടത്ര തസ്തികകളില്ലെന്ന കാര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ജി) രോഗികളുടെ വര്‍ദ്ധനയ്ക്കനുസരിച്ച് കോഴിക്കോട് മെഡിക്കല്‍ കോളേജില്‍ വേണ്ടത്ര ഡോക്ടര്‍മാരുടെ തസ്തിക സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ആയൂർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

2647 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
'' സി. മമ്മൂട്ടി
'' പി. കെ. ബഷീർ
'' പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമല്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പരിശോധനാ സംവിധാനങ്ങളുടേയും, ഉദ്യോഗസ്ഥരുടേയും അപര്യാപ്തത മുതലെടുത്ത് വ്യാജവും ഗുണനിലവാരമില്ലാത്തതുമായ മരുന്നുകൾ വ്യാപകമാവുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

(സി) അത്ഭുത രോഗശാന്തിയും, മോഹനവാഗ്ദാനങ്ങളും നല്കി നിരന്തര പരസ്യത്തിലൂടെ വ്യാജവും പാർശ്വഫലങ്ങളുള്ളതുമായ നിരവധി മരുന്നുകൾ പ്രചരിപ്പിക്കുന്നതിനെതിരെ നിയമാനുസൃത നടപടി സ്വീകരിക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ആയുർവേദ കോളേജുകളിലെ ചികിത്സാ ഫീസ് വർദ്ധനവ്</u>

2648

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആയുർവേദ കോളേജുകളിൽ ചികിത്സാ ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) എ. പി. എൽ./ബി. പി. എൽ. വ്യത്യാസം ഇല്ലാതെ പ്രതി മാസം 500 രൂപാവരെ വരുമാനമുള്ളവരെ മുമ്പ് ചികിത്സാ ചെലവിൽ നിന്നും ഒഴിവാക്കിയിരുന്നോ; ഇപ്പോൾ ആ വിഭാഗക്കാർക്കും എ. പി. എൽ. ആണെങ്കിൽ ചികിത്സാ ഫീസ് നൽകേണ്ടതുണ്ടോ;

(സി) എ. പി. എൽ/ബി. പി. എൽ. വ്യത്യാസം ഇല്ലാതെ 1000 രൂപ വരെ പ്രതിമാസ വരുമാനമുള്ളവരെ ചികിത്സാ ഫീസിനത്തിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കക്കോടി ഗ്രാമപഞ്ചായത്തിൽ ആയുർവേദ ആശുപത്രി</u>

2649 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി ആയുർവേദ ആശുപത്രി അനുവദിക്കണമെന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

മഞ്ചേശ്വരം നിയോജകമണ്ഡലം എൻമകജെ ഗ്രാമപഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പൻസറി

2650 ശ്രീ. പി. ബി. അബ്ദുൾ റസാക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലം എൻമകജെ ഗ്രാമപഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പൻസറി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ആയുർവേദ തെറാപ്പിസ്റ്റുകൾക്ക് ശമ്പളം

2651 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം മുഖേന സംസ്ഥാനത്ത് എത്ര ആയുർവേദ തെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആയുർവേദ തെറാപ്പിസ്റ്റുകളുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ചു നൽകിയിട്ടുണ്ടോ;

(സി) ഇവർക്ക് നൽകിവരുന്ന ശമ്പളം എത്രയാണെന്നും ഏതു മാസം വരെ ശമ്പളം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ശമ്പളം നൽകിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; ശമ്പളം എപ്പോൾ മുതൽ നൽകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോപ്പത്സ് കേരള സമർപ്പിച്ചിട്ടുള്ള അവകാശപത്രിക

2652 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോപ്പത്സ് കേരള (ഐ. എച്ച്. കെ) ഹോമിയോപ്പതി രംഗത്തെ സർക്കാർ-സ്വകാര്യ വിദ്യാഭ്യാസ രംഗങ്ങളിലെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അവകാശ പത്രിക അംഗീകരിച്ചിട്ടുണ്ടോ;

(ബി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ അപാകതകൾ പരിഹരിച്ച് ഹോമിയോപ്പതിക്ക് അർഹമായ പ്രാധാന്യം ഉറപ്പുവരുത്തുന്നതിനായി നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഹോമിയോപ്പതി ഡ്രഗ്സ് കൺട്രോൾ വിഭാഗം

2653 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വിഭാഗത്തിന് മാത്രമായി നിലവിൽ പ്രത്യേകമായ ഡ്രഗ് കൺട്രോൾ വിംഗ് നിലവിലുണ്ടോ ;

(ബി) നിലവിൽ സംസ്ഥാനത്ത് ഉള്ള ഹോമിയോപ്പതി ഡ്രഗ് കൺട്രോൾ വിംഗ് വിഭാഗത്തിൽ മോഡേൺ മെഡിസിനിലെ വിദഗ്ദ്ധർ പ്രധാനമായി ഉൾപ്പെടുന്നതിനാൽ പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനങ്ങളും, നിയമങ്ങളും മോഡേൺ മെഡിസിൻ രീതി അനുശാസിക്കുന്നരീതിയിൽ രൂപപ്പെടുത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഹോമിയോപ്പതിയിലെ വിദഗ്ദ്ധരില്ലാത്ത ഡ്രഗ് കൺട്രോൾ വിംഗിന്റെ പ്രവർത്തനംമൂലം ഹോമിയോപ്പതി മരുന്നുകളുടെ ഗുണനിലവാരമടക്കമുള്ള മേഖലകളിൽ ശരിയായ തീരുമാനം എടുക്കുവാൻ സാധിക്കാത്തത് സംബന്ധിച്ച പരിമിതി പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കുമെന്നറിയിക്കുമോ ;

(ഡി) ഹോമിയോപ്പതി വിദഗ്ദ്ധരെ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രത്യേക ഡ്രഗ് കൺട്രോൾ വിംഗ് ആരംഭിക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ വിലയിരുത്തൽ നടത്തി ഹോമിയോപ്പതിക്കായി ഒരു പ്രേത്യേക ഡ്രഗ് കൺട്രോൾ വിംഗ് രൂപീകരണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി

2654 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഹോമിയോ ഡിസ്പെൻസറികൾ</u>

2655

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത എത്ര പഞ്ചായത്തുകളാണുള്ളത്;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും പഞ്ചായത്തുകളിൽ പുതുതായി ഹോമിയോ ഡിസ്പെൻസറി തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

**കേരള നിയമസഭ**
**27.01.2014-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ ഹോമിയോ ആശുപത്രികളിലെ ഒഴിവുകളുടെ എണ്ണം</u>

2656

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ ഹോമിയോ ആശുപത്രികളിലും ഡിസ്പെൻസറികളിലും നിലവിലുള്ള ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും പ്രസ്തുത ഒഴിവുകൾ എന്നേക്ക് നികത്തുമെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ഹോമിയോ മെഡിക്കല്‍ കോളേജില്‍ യു.എസ്.ജി. സ്കാനിംഗ് സംവിധാനം</u>

2657 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ഹോമിയോ മെഡിക്കല്‍ കോളേജില്‍ ഇപ്പോള്‍ യു.എസ്.ജി. സ്കാനിംഗ് സംവിധാനം പ്രവര്‍ത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കില്‍ എന്നുമുതലാണ് ഈ സംവിധാനം പ്രവര്‍ത്തനരഹിതമായതെന്ന് വിശദമാക്കുമോ;

(സി) ഈ സംവിധാനം പ്രവര്‍ത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെങ്കില്‍ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

**കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ കോളേജ് ബസ്**

2658 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി കോളേജ് ബസ് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കോളേജ് ബസ് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കോളേജ് ബസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പുനലൂർ താലൂക്ക് ഹോമിയോ ആശുപത്രി</u>

2659 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുനലൂർ താലൂക്ക് ഹോമിയോ ആശുപത്രിക്ക് അടിയന്തര നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ഹോമിയോപ്പതി വകുപ്പിലെ തസ്തികകള്‍</u>

2660 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹോമിയോപ്പതി വകുപ്പില്‍ മെഡിക്കല്‍ ഓഫീസര്‍, ഡി.എം.ഒ., ഫാര്‍മസിസ്റ്റ്, തുടങ്ങിയ തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ; ഇല്ലെങ്കില്‍ സമയബന്ധിതമായി ആയത് പ്രസിദ്ധീകരിക്കുമോ ;

(ബി) നിലവില്‍ ഹോമിയോപ്പതി വകുപ്പില്‍ ഏതെല്ലാം തസ്തികകളില്‍ എത്ര ഒഴിവുകള്‍ ഉണ്ട് ; വിശദവിവരം നല്‍കുമോ ;

(സി) പ്രസ്തുത വകുപ്പില്‍ സ്റ്റാഫ് പാറ്റേണ്‍ ഏകീകരിക്കുന്നതിനുള്ള നടപടിയുടെ വിശദാംശം നല്‍കുമോ ;

(ഡി) ഹോമിയോപ്പതി ഫാര്‍മസി കോഴ്സ് നിര്‍ത്തലാക്കിയിട്ടുണ്ടോ ; എങ്കില്‍ വിശദാംശം നല്‍കുമോ ;

(ഇ) ഹോമിയോപ്പതിയില്‍ എം.ഡി. എടുത്ത ഡോക്ടര്‍മാര്‍ക്ക് പി.ജി. അലവന്‍സ് പരിഗണനയിലുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഹോമിയോപ്പതി വകുപ്പിലെ ഫീല്‍ഡ് സ്റ്റാഫ്

2661 ശ്രീ. ചിററയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹോമിയോപ്പതി വകുപ്പില്‍ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തില്‍ ലഭ്യമാക്കുമോ;

(ബി) ഹോമിയോപ്പതി വകുപ്പിലെ അനുവദനീയ തസ്തിക സംബന്ധിച്ച വിവരം തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തില്‍ അറിയിക്കുമോ;

(സി) ഹോമിയോപ്പതി ചികിത്സാ രംഗത്ത് സര്‍ക്കാര്‍ തലത്തിലുള്ള ചികിത്സാ ക്യാമ്പുകളും പ്രതിരോധ മരുന്ന് വിതരണവും, പകര്‍ച്ചവ്യാധി നിയന്ത്രണ പ്രവര്‍ത്തന ക്യാമ്പയിനുകളും മറ്റു പ്രവര്‍ത്തനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് മതിയായ ഫീല്‍ഡ് സ്റ്റാഫ് ഇല്ലെന്നുള്ളത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ഡി) ഹോമിയോപ്പതി വകുപ്പിന്റെ നിയന്ത്രണത്തില്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍, ആശാ വര്‍ക്കേഴ്സ്, മാതൃകയില്‍ ഫീല്‍ഡ് ജീവനക്കാരുടെ സേവനം ഉപയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) നിലവില്‍ ഒഴിഞ്ഞു കിടക്കുന്നതായ അനുവദനീയ തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിന് വേണ്ടി അടിയന്തിരമായ നടപടി കൈക്കൊള്ളുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ദേവസ്വം വക ഭൂമിയിലെ കൈയ്യേറ്റങ്ങൾ

2662 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾ വക ഭൂമികളിൽ കയ്യേറ്റങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ദേവസ്വം ബോർഡുകളുടെ എത്ര ഏക്കർ ഭൂമി വീതം ഇതിനകം കയ്യേറ്റം ചെയ്തിട്ടുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ;

(സി) കയ്യേറ്റഭൂമി തിരിച്ച് പിടിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചുപോന്ന നടപടികൾ തുടരുന്നുണ്ടോ; എങ്കിൽ കയ്യേറ്റങ്ങൾ ആവർത്തിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ദേവസ്വം ഭൂമി കയ്യേറ്റം ചെയ്യുന്നില്ലെന്നുറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>കേന്ദ്രീകൃത കാണിക്ക സെന്ററുകൾ</u>

2663 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ കാണിക്കവഞ്ചികളിലെ പണം എണ്ണി തിട്ടപ്പെടുത്തുന്നതിന് ജില്ലാ കേന്ദ്രങ്ങളിൽ കേന്ദ്രീകൃത കാണിക്ക സെന്ററുകൾ സജ്ജമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കേന്ദ്രീകൃത മൂല്യ നിർണ്ണയം നടത്തിയാലും അതത് ക്ഷേത്രങ്ങളിലെ വരുമാനം ഭക്തജനങ്ങൾക്ക് ബോധ്യപ്പെടുത്തുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ശബരിമലയിൽ സുരക്ഷിത തീർത്ഥാടനത്തിനുള്ള സൗകര്യങ്ങൾ</u>

2664 ശ്രീ. രാജു എബ്രഹാം
,, സാജു പോൾ
,, എസ്. രാജേന്ദ്രൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ഡലകാലത്ത് ശബരിമലയിൽ സുഗമമായ തീർത്ഥാടനത്തിന് സൗകര്യങ്ങളൊരുക്കുന്നതിൽ വീഴ്ച വന്നതിനെക്കുറിച്ച് പരിശോധന നടത്തിയോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അയ്യപ്പഭക്തരെ പോലീസ് ക്രൂരമായി മർദ്ദിച്ചതിനെക്കുറിച്ച് ദേവസ്വം വകുപ്പ് അന്വേഷണം നടത്തി നടപടി സ്വീകരിക്കുകയുണ്ടായോ; വിശദമാക്കുമോ;

(സി) വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി സുരക്ഷിത തീർത്ഥാടനം ഏർപ്പെടുത്താൻ എന്തെല്ലാം അധിക നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

ശബരിമല, പമ്പ എന്നിവിടങ്ങളിലെ ഹൃദ്രോഗ ചികിത്സാ കേന്ദ്രങ്ങൾ

2665 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലും പമ്പയിലുമായി എവിടെയെല്ലാമാണ് തീർത്ഥാടകർക്ക് ഹൃദ്രോഗ ചികിത്സയ്ക്കുള്ള സംവിധാനമുള്ള ആശുപത്രികൾ ഉള്ളത്;

(ബി) പ്രസ്തുത ആശുപത്രികളിൽ നിന്നും എന്തെല്ലാം സേവനങ്ങൾ ലഭ്യമാകും;

(സി) ഇത്തവണ തീർത്ഥാടന കാലയളവിൽ ശബരിമലയിലും പമ്പയിലും എത്ര തീർത്ഥാടകർ ഹൃദയാഘാതം മൂലം മരണപ്പെട്ടു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

തൃക്കണ്ണാട് ത്രയംബകേശ്വര ക്ഷേത്രത്തിൽ നിർമ്മാണ പ്രവർത്തികളിലും നിയമനങ്ങളിലും ക്രമക്കേട്

2666 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തൃക്കണ്ണാട് ത്രയംബകേശ്വര ക്ഷേത്രത്തിൽ നിർമ്മാണ പ്രവർത്തികളിലും നിയമനങ്ങളിലും ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച് എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ഗുരുവായൂർ ക്ഷേത്രത്തിൽ ഒരു പഞ്ചവാദ്യം കലാകാരനെ അയിത്തം കൽപിച്ച് പുറത്താക്കിയതായ സംഭവം</u>

2667 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിൽ ഒരു പഞ്ചവാദ്യം കലാകാരനെ അയിത്തം കൽപ്പിച്ച് പുറത്താക്കിയതായ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ നടപടി ഉചിതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?